
# അയനിൽ
# ദൂതന്



# ALMOST FREE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

**C–22 N. D. S. E. 2**

**New Delhi-110049**

# ബൈബിൾ ട്രൂത്ത്


Editors


**P. K. VARGHESE** | **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 2 October 1988 No. 7


മതപരമായ സംഘടനകൾ സാമൂഹ്യപ്രവർത്തനം നടത്തുന്നതു നല്ലതു തന്നെ. പക്ഷെ ദൈവത്തിനു സേവനം അർപ്പിക്കുവാൻ ജീവിതം ഉഴിഞ്ഞുവെച്ചവർ ഇത്തരം പ്രവർത്തനങ്ങൾ ലാഭേച്ഛക്കുവേണ്ടി മാത്രമെന്നു തോന്നിപ്പിക്കുന്ന രീതിയിൽ അധഃപതിപ്പിക്കുന്നത് ഖേദകരമാണ്. യേശുക്രിസ്തു വിഭാവനം ചെയ്ത സഭയുടെ പ്രവർത്തനശൈലി ആത്മീയ സേവനമായിരുന്നു. ദൈവീക നീതിയിലേക്ക് ജനങ്ങളെ തിരിച്ചുകൊണ്ടുവരുവാൻ ആഹ്വാനം ചെയ്യുന്നതായിരുന്നു അതിന്റെ ലക്ഷ്യം. പക്ഷെ ഇന്ന് മതത്തിന്റെ പേരിൽ ഓരോ സ്ഥാപനങ്ങൾ നടത്തി യേശുക്രിസ്തുവിനും അവന്റെ വചനത്തിനും കളങ്കം വരുത്തിവെക്കുന്ന സാമൂഹ്യ പ്രവർത്തനങ്ങൾ ദൈവം വെറുക്കുന്നു. വ്യക്തികളാണ് സാമൂഹ്യ പ്രവർത്തനം ഏറ്റെടുത്തു നടത്തേണ്ടത്. ക്രിസ്ത്യാനിത്വത്തെ ഒരു (Business Establishment) വാണിഭശാല ആക്കി ത്തീർത്തവർ അതിൽനിന്നു പിന്തിരിഞ്ഞ് സമൂഹത്തിലെ പാപജീവിതത്തിൽ മരിച്ചുകൊണ്ടിരിക്കുന്നവരെ ജീവിപ്പിക്കുന്ന മാർഗ്ഗം എത്തിച്ചു കൊടുക്കുക. അങ്ങനെ ചെയ്താൽ അതിൽ ദൈവം സംപ്രീതനാകും.

പി. കെ. വർഗ്ഗീസ്

# പുരാതനവും വലുതുമായ ശത്രു

J. C. ചോട്ട്

ശത്രുക്കൾ ഇല്ലാത്തവർ ചുരുക്കമായിരിക്കും. ശത്രുക്കളേക്കാൾ കൂടുതൽ മിത്രങ്ങളുള്ളവരും മിത്രങ്ങളേക്കാൾ കൂടുതൽ ശത്രുക്കളുള്ളവരും സമൂഹത്തിൽ ഉണ്ടായേക്കാം. എന്നാൽ ഇതിനെല്ലാം കാരണം എന്താണെന്നു അധികമാരും ചുഴിഞ്ഞ് ആലോചിക്കാറില്ല. ഏതു നാശത്തിനും മുൻപ് ഒരു അഹങ്കാരം കാണാൻ കഴിയും. അതുപോലെ ഏതു വീഴ്ച്ചയുടേയും മുൻപ് അശുദ്ധാത്മാവിന്റെ പ്രവർത്തനം കാണാവുന്നതാണ്. സദൃശവാക്യത്തിൽ ശലോമോൻ പറയുന്നതും മറ്റൊന്നല്ല. ചരിത്രം നോക്കിയാൽ അഹംഭാവം, ആടിക്കൊണ്ടിരിക്കുന്ന ഒരു ബ്ലെയിഡിനെപ്പോലെയായിരുന്നു. അനേകമാളുകളുടെയും രാജ്യങ്ങളുടേയും ഇടയിൽ വ്യക്തികളെയും സമൂഹത്തെയും ധാർമ്മികസ്വഭാവത്തിൽനിന്നു പൂർണ്ണമായി പുറത്താക്കിക്കളയുന്നു. ഈ അഹങ്കാരം പലരെയും തങ്ങളുടെ ജീവിതത്തിന്റെ അതിരുകൾക്കപ്പുറം കടത്തിവിടുക മാത്രമല്ല ചെയ്യുന്നത്, ഒരിക്കൽ വിശുദ്ധ ദൂതൻമാരായിരിക്കുന്നവരുടെ ശരിയായ സ്ഥാനത്തുനിന്നു വീഴുകയും ദൈവത്തിന്റെ ശിക്ഷാവിധിയിൽ അകപ്പെടുകയും ചെയ്യുന്നു. (യൂദ 6).

പുതിയ നിയമത്തിൽ അഹങ്കാരത്തിന് മൂന്നു വ്യത്യസ്ഥ വാക്കുകൾ ഉണ്ട്. താഴെക്കാണുന്ന വാക്യങ്ങൾ ദയവുചെയ്ത് ശ്രദ്ധിക്കുക. ആദ്യമായി മർക്കൊസ് 7:21–22 നോക്കാം. ''അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. രണ്ടാമതായി 1 തിമൊഥെയോസ് 3:6–ൽ നിഗളം എന്ന വാക്കാണ് കാണുന്നത്. അവിടെ അദ്ധ്യക്ഷൻമാരുടെ യോഗ്യതകൾ എന്തെല്ലാമെന്നുപറയുന്ന സാഹചര്യത്തിലാണ് ഈ വാക്ക് സൂചിപ്പിച്ചിരിക്കുന്നത്. അടുത്തതായി 1 യോഹന്നാൻ 2:16-ൽ പ്രതാപം എന്ന വാക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവിടെ നാം വായിക്കുന്നത് '' ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ള എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു, എന്നതാണ്.

അഹങ്കാരം എന്ന വാക്ക്, മറ്റുള്ളവരോടുള്ള ബന്ധത്തിൽ, തന്നെ ഉയർത്തിക്കാണിക്കുവാൻ വെമ്പൽ കൊള്ളുന്നതിനെപ്പറ്റി പറയുന്നതാണ്. രണ്ടാമതായി കണ്ട നിഗളം എന്ന വാക്ക്, ഒരാൾക്ക് തന്നോടുള്ള

ബന്ധത്തിൽ, തന്നെ ഉയർത്തിക്കാണിക്കുന്ന സ്വഭാവത്തെ വെളിപ്പെടുത്തുന്നു. അവസാനമായി കണ്ട പ്രതാപം എന്ന പദം, ഒരാൾക്ക് ദൈവത്തോടുള്ള ബന്ധത്തിൽ തന്നത്താൻ ഉയർത്തുന്നതിനെയാണ് വിവരിച്ചിരിക്കുന്നത്. മനുഷ്യസ്വഭാവത്തിൽ ഇതിനു കാര്യമായ സ്ഥാനം ഉണ്ട് എന്നതിനു സംശയമില്ല. പക്ഷെ, അതുണ്ടായാൽ വരുന്ന വിപത്തുകൾ നമ്മെ മുന്നറിയിച്ചിട്ടുണ്ട്. ഞാൻ മററുള്ളവരെപ്പോലെയല്ലെന്ന ഒരു തോന്നൽ സ്വയ നീതീകരണത്തെയാണല്ലോ എടുത്തുകാണിക്കുന്നത്. ലൂക്കോസിന്റെ സുവിശേഷം 18–ാം അദ്ധ്യായം 11–ാം വാക്യത്തിൽ അങ്ങനെയുള്ള മനോഭാവത്തോടെ ദൈവത്തിനു നന്ദി പറയുന്ന ഒരു പരീശനെക്കുറിച്ച് നാം വായിക്കുന്നുണ്ട്. ഇതേ തരത്തിലുള്ള സ്വഭാവമാണ് യാക്കോബിന്റെ ലേഖനത്തിൽ നാം കാണുന്നത്. ധനവാൻമാരെ ആദരിക്കുന്നതും ദരിദ്രൻമാരെ ധിക്കരിക്കുന്നതും പ്രവർത്തിയില്ലാത്ത വിശ്വാസംകൊണ്ട് സ്വയം നീതീകരിക്കുന്നതും അഹങ്കാരം കൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ്?

ഈ ദുഷ്പ്രവണത തന്നെയാണ് ജാതികളിൽപെട്ട സഹോദരൻമാരെ തരംതാഴ്ത്തിക്കാണിക്കുവാൻ ശ്രമിച്ചത്. യഹൂദസഹോദരങ്ങൾ വന്നപ്പോൾ ജാതികളുമായി ഭക്ഷണം കഴിക്കുന്നതിൽനിന്ന് മാറിനിൽക്കുകയാണ് പത്രോസ് ചെയ്തത്. പക്ഷെ, പൗലോസ്, പത്രോസിന്റെ തെററു തിരുത്തുന്നതായി നാം കാണുന്നുണ്ട്. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത്; ഇത്തരം സ്വഭാവങ്ങൾ മനുഷ്യനെ അശുദ്ധനാക്കുമെന്ന്. ഒരു ദൈവമകന് അഹങ്കാരം വന്നാൽ അവൻ ദൈവമുൻപാകെ അശുദ്ധനായി കാണപ്പെടും. ക്രിസ്ത്യാനികളായിത്തീർന്നവരോട് എഴുതുമ്പോൾ യാക്കോബ് പ്രബോധിപ്പിച്ചത്, ''ഇരുമനസുള്ളവരേ നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ, പാപികളേ നിങ്ങളുടെ കൈകളെ വെടിപ്പാക്കുവിൻ'' എന്നാണ്.

ഏററവും മോശമായ ദുർന്നടപ്പിനോടുകൂടെയാണ് യേശുക്രിസ്തു ഈ പാപത്തെയും ചേർത്തിരിക്കുന്നത്. ഒരാളുടെ സ്വഭാവത്തിൽ കാണുന്നതിന് തുല്യമായ ഊന്നൽ പ്രവൃത്തിയിൽ കാണുന്നതിനുമുണ്ട്. ഹൃദയനിരൂപണമാണ് സ്വഭാവത്തിലും പ്രവൃത്തിയിലും കാണപ്പെടുന്നത് എന്ന പരമാർത്ഥമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. അഹംഭാവം ഒരു ക്രിസ്ത്യാനിക്ക് ഭൂഷണമല്ല. സ്നേഹമായിരിക്കണം ക്രിസ്ത്യാനിയുടെ അടിസ്ഥാന സ്വഭാവം. അപ്രകാരം സ്നേഹിക്കുന്ന വ്യക്തി തന്നേക്കാൾ ശ്രേഷ്ഠരായി മററുള്ളവരെയാണ് കാണേണ്ടത്. അപ്പൊസ്തലനായ പൗലോസ് പറയുന്നു, ''സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല'' എന്നത്രെ (1 കൊരിന്ത്യർ 13:5).

കറ, ചുളുക്കം, മാലിന്യം എന്നിവയൊന്നുമില്ലാതെ ശുദ്ധവും, നിഷ്കളങ്കവുമായിത്തീർന്നവരാണല്ലോ വചനാനുസരണം ദൈവത്തിന്റെ മക്കളായിത്തീർന്നവർ. അവർ തങ്ങളുടെ ശരീരങ്ങളെ ദൈവത്തിന് പ്രസാദകരമായ യാഗമായി അർപ്പിക്കേണ്ടതാണ്. മുഖത്ത് സ്ഥിതി ചെയ്യുന്ന മൂക്കിനെ മുഖത്തേക്കാൾ ഉയർത്തിപ്പിടിക്കുന്നതിനോടു തുല്യമാണ് ഒരു ക്രിസ്ത്യാനിക്ക് അഹങ്കാരം നേരിട്ടാൽ. നമ്മുടെ ഹൃദയത്തിൽ ഏതിന് സ്ഥാനം കൊടുക്കുന്നുവോ അതായിരിക്കും സ്വഭാവത്തിൽ കാണുന്നത്. അതുതന്നെയാണ് ഇന്നത്തെ ആധുനിക കമ്പ്യൂട്ടർ. കമ്പ്യൂട്ടറിൽ എന്ത് ഇൻപുട്ട് ചെയ്യുന്നുവോ അത് അതുപോലെ തന്നെ പുറത്തുവിടുന്നു.

നിഗളം എന്നത്, സ്വന്ത വ്യക്തിത്വത്തോട് നിയന്ത്രണം പാലിക്കാൻ പറ്റാതെ വരുമ്പോൾ, മറ്റുള്ളവരോട് പെരുമാറുമ്പോൾ നിയന്ത്രണാതീതമാകുന്നു. മറ്റുള്ളവരോട് നാം പെരുമാറുമ്പോൾ സംയമനം പാലിക്കുവാൻ മുതിരണം. അതു തന്നോടുതന്നെ നീതി പുലർത്തത്തക്കവിധമായിരിക്കണം. ആർക്കും ഒരു ദ്വീപായിരിക്കുവാൻ കഴിയുകയില്ല. എല്ലാവരും ഏതെങ്കിലും വൻകരയിലെ ഒരു ഭാഗമായിരിക്കും. ദൈവം നിഗളികളോട് എതിർത്തുനിൽക്കും. താഴ്മയുള്ളവർക്ക് കൃപ നൽകും. ദൈവം വെറുക്കുന്ന ഒരു സ്വഭാവമാണ് ഈ നിഗളം.

നാം നമ്മെക്കുറിച്ച് എന്തു വിചാരിക്കുന്നു എന്നതു സുപ്രധാനമായ ഒരു കാര്യമാണ്. അത് ബൈബിൾ അടിസ്ഥാനപ്പെടുത്തി ആയിരിക്കേണ്ടതുമാണ്. ആരോഗ്യകരമായ സ്നേഹം നമുക്ക് നമ്മോടു തന്നെ ഉണ്ടാകണമെന്നാണ് യേശുക്രിസ്തു പഠിപ്പിച്ചിരിക്കുന്നത്. സ്വാർത്ഥസ്നേഹമായിരിക്കരുത് എന്നതാണ് ദൈവേഷ്ടം. നമ്മിൽ ആത്മവിശ്വാസം ഉണ്ടായിരിക്കണമെന്നുകൂടെ അവൻ ഉപദേശിച്ചിട്ടുണ്ട്. പക്ഷെ അത് അമിതമാകരുതെന്നു മാത്രം. (മത്തായി 24:25; ഫിലി. 4:13;1 കൊരി. 10:13). യേശുക്രിസ്തുവിന്റെ മാതൃക ഇതിനായി എടുക്കാവുന്നതാണ്. എത്രത്തോളം ആത്മവിശ്വാസം ആകാം എന്നത് അവൻ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. (1 പത്രോസ് 2:21), അവന്റെ കുറ്റമില്ലാത്ത അനേക സ്വഭാവങ്ങളിൽ പ്രാമുഖ്യമുള്ളത് അനുസരണമായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കണമെന്നു വിചാരിക്കാതെ അവൻ തന്നെത്താൻ താഴ്ത്തി. താഴുവാനുള്ള മനോഭാവം തന്റെ ആത്മവിശ്വാസത്തിന്റെ അതിർ വിളിച്ചോതുന്നു.

''ഞാൻ'' എന്ന ഭാവം അധികമുള്ളവർക്ക് ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല. കാരണം ക്രിസ്തുവിനെ കേന്ദ്രീകരിക്കാതെ സ്വന്തം അഭിപ്രായങ്ങളെ കേന്ദ്രീകരിക്കുന്നവരായിരിക്കും അവർ. പരി

വർത്തനം ചെയ്യപ്പെടുന്ന പുതിയ ആളുകളിൽ പരീക്ഷണം നേരിടാനിടയുണ്ടെന്ന് പരിശുദ്ധാത്മാവിനറിയാമായിരുന്നു. അവൻ തന്നെക്കുറിച്ച് ഉയർന്ന ചിന്താഗതിക്കാരനായിത്തീരുന്നു. അങ്ങനെയുള്ള വ്യക്തിയെ ഏതെങ്കിലും ഒരു സ്ഥാനത്ത് ഉടനെ നിയമിച്ചാൽ അതു വളരെ ദോഷം ചെയ്യും. കാരണം പക്വതയില്ലായ്മകൊണ്ട് എടുത്തുചാടി പ്രവർത്തിക്കുമെന്നതാണ്. അവർ അങ്ങനെ അനേകമാളുകളേയും, സ്ഥാപനങ്ങളെപ്പോലും നശിപ്പിക്കുന്നതിനിടയാകുന്നു.

അമിതമായ ആത്മവിശ്വാസം ഒരാളിൽ ഉണ്ടായാൽ അയാാം സഹായത്തിന് മറ്റൊരാളെ ആശ്രയിക്കുവാൻ കൂട്ടാക്കുകയില്ല. പകരം തന്റെ കഴിവിൽത്തന്നെ ആശ്രയിക്കും. വൃഥാ നിഗളിക്കുന്ന ഒരാാം തന്നിലുള്ള വെളിച്ചം മററാരിലും വാസ്തവമല്ല എന്ന ചിന്താഗതിക്കാരാണ്. അത്തരക്കാർ കരുതുന്നത്, തങ്ങളിൽ എല്ലാ പ്രശ്ന പരിഹാരത്തിനുമുള്ള ഉത്തരങ്ങളുണ്ട്. അഥവാ ഏതിനെങ്കിലും ഒന്നിന്ഇല്ലാതെ വന്നാൽ അത് മററാരിലും കണ്ടെത്താൻ സാദ്ധ്യമല്ല എന്നതാണ് അവരുടെ നിലപാട്. ഇങ്ങനെയുള്ള ഒരുവന്റെ ദൈവത്തോടുള്ള നിലപാട് വളരെ ഇടുങ്ങിയതായിരിക്കും. കാരണം അവനെക്കുറിച്ചുള്ള അവന്റെ വീക്ഷണം വളരെ വിശാലമാണ്. അവൻ തന്നെത്താൻ ത്യജിക്കാതെ ഉയർത്തുകയാണ് ചെയ്യുന്നത്. ദൈവേഷ്ടത്തിൽനിന്ന് ഒരാളെ കുരുടാക്കി മാററുന്ന നിരവധി കാര്യങ്ങളുണ്ട്. എന്നാൽ അവന്റെ സ്വാർത്ഥതയെ മറ്റൊന്നുകൊണ്ടും കുരുടാക്കി മാററാൻ തയ്യാറാവുന്നില്ല. ദൈവത്തെ കാണുവാൻ ഒരാാം തനിക്കപ്പുറമായി നോക്കണം, ദൈവത്തെ കാണുവാൻ ഒരുവൻ തന്നിലേക്കു നോക്കാതെ തന്നിൽനിന്ന് വിദൂരെ ദൈവത്തിലേക്ക് നോക്കണം (മത്തായി 5:8).

വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു (എബ്രായർ 12:2). നിഗളം ഒഴിവാക്കുവാനുള്ള ഒരു ഫോർമുല യേശുക്രിസ്തു മത്തായി എഴുതിയ സുവിശേഷം 5–ാം അദ്ധ്യായം 3–ാം വാക്യത്തിൽ പറയുന്നുണ്ട്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ, അവർ ദൈവത്തെ കാണും എന്ന യേശുവിന്റെ വാഗ്ദാനം ഇതിനോട് യോജിക്കുന്നു. ഹൃദയം നുറുങ്ങിയും മനസ്സു തകർന്നും ഇരിക്കുന്നവർ ദൈവത്തിന് പ്രസാദമുള്ളവരാണ് എന്ന് സങ്കീർത്തനപുസ്തകത്തിൽ നാം വായിക്കുന്നു. അതിനർത്ഥം നാം നമ്മിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കണമെന്നതാണ്. അമിതമായ സ്വാശ്രയം നിഗളഭാവത്തിലേക്ക് ഒരുത്തനെ നയിക്കുന്നു. അത് തികച്ചും ഖേദകരമാണ്.

''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; ദൈവരാജ്യം അവർക്കുള്ളത്''. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയമാണ് ദൈവത്തിന് യാഗമായി നാം സമർപ്പിക്കേണ്ടത്. അങ്ങനെയുള്ള ആത്മാവിനെ അവൻ നിരസിക്കുകയില്ല. ദാരിദ്ര്യമാണല്ലൊ യാചിക്കുവാൻ പ്രേരിപ്പിക്കുന്നത്. അന്തരംഗത്തിൽ ഒന്നുമില്ലാതെ വരുമ്പോൾ സഹായത്തിനു അപേക്ഷിക്കേണ്ടതായിവരും. ആ ആത്മീയ സ്ഥിതിവിശേഷമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദൈവത്തിനെതിരെ പോരാടുന്ന അവസരവാദ സ്വഭാവമാണ് യോഹന്നാൻ 2-ാം അദ്ധ്യായം 16–ാം വാക്യത്തിൽ നാം വായിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടത്തേക്കാൾ പ്രാധാന്യം തന്റെ ഇംഗിതത്തിന് കൽപിക്കുന്ന ഒരു സ്വഭാവമാണ് ഇത്. ഈ മനുഷ്യൻ ചിന്തിക്കുന്നത്, ദൈവം മനുഷ്യരെ വീണ്ടെടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രവൃത്തിയേക്കാൾ ഉയർന്ന ഒന്നാണ് സൽപ്രവൃത്തിയിൽ അധിഷ്ഠിതമായ രക്ഷ എന്നത്രെ. ഇവൻ മററുള്ളവരോട് അഹംഭാവം പ്രകടിപ്പിക്കുകയോ തന്നിൽതന്നെ കാണിക്കുകയോ ചെയ്യണമെന്നില്ല. എന്നാൽ ഇവ മൂന്നും മരണകരമായ അവസ്ഥയാണ് അവരിൽ ഉണ്ടാക്കിത്തീർക്കുന്നത്.

വിജയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് കിട്ടുന്ന അവസരം ശരിയായി വിനിയോഗിക്കുന്നത് നല്ലതിനാണ്. പക്ഷെ, ഈ വിജയം നമ്മെ തലയ്ക്കു മുകളിൽ നിൽക്കുവാൻ സമ്മതിക്കരുതെന്നു മാത്രം. നമ്മുടെ ജീവിതം വിജയകരമാക്കണമെങ്കിൽ നാം ഓരോരുത്തരും ബൈബിൾ വായിക്കുകയും, സത്യം അറിയുകയും വേണം. തെററായ ചിട്ടകളും ക്രമങ്ങളും ജീവിതത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതിന് തർക്കമില്ല. ജീവിതത്തോടോ നേട്ടങ്ങളോടോ നാം അതിരു കവിഞ്ഞ ഭാവം പ്രകടിപ്പിക്കുന്നത് സ്വന്ത കഴിവിൻമേലുള്ള പ്രശംസയായിത്തീരും. എന്നാൽ ഇതെല്ലാം നൈമിഷികമാണെന്ന് നാം അറിഞ്ഞിരിക്കണം. ഭദ്രത ദൈവത്തിൽനിന്നുമെടുത്ത് സ്വന്തമാക്കി മാററുമ്പോഴാണ് ദൈവത്തോടു ശത്രുതയുള്ള അഹംഭാവത്തിലേക്ക് വഴുതിവീഴുന്നത്. ധനവാനായോരു മനുഷ്യൻ തന്റെ വസ്തു നന്നായി വിളഞ്ഞപ്പോൾ കൂട്ടിവെച്ചു. എന്നാൽ ദൈവം അവന്റെ ആത്മാവിനെ അവനിൽനിന്നെടുത്തു. അപ്പോൾ അവൻ കരുതിവെച്ചത് അനുഭവിക്കുവാൻ കഴിഞ്ഞില്ല. ദൈവ വിഷയമായി സമ്പന്നൻ ആകാതെ തനിക്കുതന്നെ നിക്ഷേപം സ്വരൂപിക്കുവാൻ ആഗ്രഹിച്ച വ്യക്തിയുടെ ഉപമയാണത്.

''അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ'' (1 പത്രൊസ് 5:6). അഹംഭാവമെന്ന ശത്രുവിനെ നിങ്ങളിൽനിന്നും അകററുവാൻ ദൈവത്തിന്റെ വചനത്തിനു കീഴ്പ്പെട്ട് അനുസരിച്ചു ജീവിക്കുക. ദൈവം നിങ്ങളോടുകൂടെയിരുന്ന് നിങ്ങളെ സഹായിക്കും.

# കത്തുകൾക്കുള്ള മറുപടി

Dear Editor,

August 88 ലെ Bible Truth പ്രസിദ്ധീകരണം വായിച്ചു. അതിൽ കുരിശ് എന്ന ലേഖനത്തിൽ കുരിശിനെ സംബന്ധിച്ച് ഇത്ര മാത്രം വിലയിരുത്തേണ്ട ആവശ്യം ഉണ്ടോ. ക്രിസ്തുവിനേക്കാളും ദൈവ വചനങ്ങളേക്കാളും പ്രാധാന്യം കുരിശിനു നൽകുന്നതായി വ്യാഖ്യാനിക്കേണ്ടതില്ല. കുരിശിന് വിജയസ്ലീബാ എന്ന ബഹുമതി നൽകിയാൽ മതി. ജയത്തിന്റെ അടയാളം. കർത്താവ് കുരിശിൽ തൂങ്ങി മരിച്ചു. മനുഷ്യർക്കുവേണ്ടി പാപഭാരങ്ങൾ ചുമന്നു കുരിശിൽ തറപ്പിനാൽ മനുഷ്യന്റെ പാപങ്ങൾക്ക് വിടുതൽ നൽകി. അങ്ങനെ ഒരു കാലത്ത് നിന്ദയുടെ ചിഹ്നമായിരുന്ന കുരിശിന് കർത്താവിന്റെ സാമീപ്യത്താൽ ബഹുമാനം ഉണ്ടായി. അങ്ങനെ കുരിശിനെ ബഹുമാന ചിഹ്നമാക്കി ഒരു കൂട്ടർ കണക്കാക്കുന്നു എന്നു കരുതിയാൽ പോരെ. കർത്താവു വഹിച്ച കുരിശ് മനുഷ്യർ വഹിച്ച് താദാത്മ്യം പ്രാപിക്കുന്നു എന്നർത്ഥം. കുരിശിനെ വന്ദിക്കുന്നതും ബഹുമാനിക്കുന്നതും ധരിച്ചുകൊണ്ടു നടക്കുന്നതുമെല്ലാം നമ്മുടെ കർത്താവിനെ ഓർക്കുന്നതിനു തുല്യമാണ്. എല്ലാ മനുഷ്യരും അതു പോലെ പ്രബുദ്ധരല്ലല്ലോ. ഒരുകാലത്ത് മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തി അതിനെ വന്ദിച്ച് ആരാധിച്ചാൽ രക്ഷപ്പെടുമെന്നം പഠിപ്പിച്ച വർഗ്ഗത്തിന്റെ പിൻഗാമികളാണല്ലോ നമ്മൾ. അക്കണക്കിന് ഇപ്പോൾ ഒരു വിഭാഗം കുരിശിനെ അറിവുകുറവുകൊണ്ട് കൂടുതൽ പ്രാധാന്യം നൽകി ആരാധിക്കുന്നുവെങ്കിൽ പ്രബുദ്ധ വിഭാഗത്തിന് അത് ക്ഷന്തവ്യമല്ലേ. പുതിയ നിയമസഭയെന്നുമാത്രം കരുതുന്ന പുരോഗമനവിഭാഗത്തിന്. അങ്ങനെയെങ്കിൽ പഴയനിയമം ഉച്ചരിക്കേണ്ട കാര്യമില്ലല്ലോ. ഇവയെല്ലാം പൊരുത്തപ്പെടുത്തി അറിവുകുറഞ്ഞവരേയും ഉത്ബുദ്ധരാക്കികൊണ്ടുവന്ന് യഥാർത്ഥ ദൈവവിശ്വാസികളാക്കി മാററുക എന്ന പ്രക്രിയയാണ് സുവിശേഷ ധർമ്മം,

കർത്താവ് കുരിശിൽ മരിക്കുന്നതിനുമുൻപ് കുരിശിന് പ്രാധാന്യം നൽകുവാൻ കാര്യമില്ല. അതിനുശേഷം പ്രാധാന്യം ഉണ്ടായി ബഹുമാന വസ്തുവായി.

''മുല്ലപ്പൂമണമേററു കിടക്കും
പുല്ലിനുമുണ്ടാമൊരു സൗരഭ്യം''

കർത്താവ് കുരിശിൽ തൂങ്ങിമരിച്ച് അടക്കപ്പെട്ടു ഉയർത്തെഴുന്നേററതിനോട് സാമ്യപ്പെടുത്തി യോനാ കടലാനയുടെ വയററിൽ ഇരുന്ന

തുകൊണ്ട് യോനയ്ക്കും ഭൂമിയ്ക്കുമൊക്കെ പ്രാധാന്യം നൽകാത്തത് എന്തുകൊണ്ട് എന്നു ചോദിച്ചാൽ അതിന്റേതായ പ്രാധാന്യം അതിനുണ്ട്. കർത്താവും, യോനയും, കുരിശും, കടലാനയും ഇവയെല്ലാം മഹത്വം വെവ്വേറെ. പൊരുത്തപ്പെടുത്താമെന്നുമാത്രം (പൊരുളും നിഴലും).

കുരിശു എന്തുകൊണ്ടും ക്രിസ്ത്യാനിക്ക് ജയത്തിന്റെ അടയാളമാണ്. ഭൂമിയുടെ മദ്ധ്യേ കൈ കാൽ കുരിശിന്റെ ആകൃതിയിൽ വിരിച്ച് കിടന്ന ക്രിസ്തുവിനെ ഓർക്കുന്നതിന് തുല്യമാണ് കുരിശുരൂപം. മനുഷ്യമനസിൽ ചലനം സൃഷ്ടിക്കുന്ന രൂപം. പിൻമാററക്കാർക്ക് വീറയൽ നൽകുന്ന ചിഹ്നം. അതാണ് വിജയ സ്ളീബാ.

ആത്മീയ പൂർണ്ണതയിൽ ഇതിനൊന്നും സ്ഥാനമില്ല. എല്ലാവരേയും ദൈവം അതിനിടയാക്കാൻ പ്രാർത്ഥിക്കാം.

എന്ന്, ജോയ്സ് ഫിലിപ്പ്

അയച്ച കത്തു കിട്ടി. വളരെ നന്ദി. ''ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ'' (ഗലാ 1:8). ബൈബിളിൽ ഒരിടത്തും കുരിശിനു വിജയസ്ലീബാ എന്ന ബഹുമതി നൽകിയതായി കാണുന്നില്ല. ആ സ്ഥിതിക്കു കുരിശിനു ആ ബഹുമതി നൽകി നാം ശപിക്കപ്പെട്ടവരാകണമോ? ഒരുകാലത്ത് നിന്ദയുടെ ചിഹ്നമായിരുന്ന കുരിശിനു കർത്താവിന്റെ സാമീപ്യത്താൽ ബഹുമാനം ഉണ്ടായെങ്കിൽ കർത്താവ് ധരിച്ചിരുന്ന അങ്കിക്കും, കർത്താവിനെ അടക്കം ചെയ്ത കല്ലറക്കും അതേ ബഹുമാനം ഉണ്ടാകാതെ പോയത് ശരിയാണോ? കുരിശിനെ ബഹുമാനചിഹ്നമായി കണക്കാക്കുന്ന കൂട്ടർ അവയെ വിട്ടുകളഞ്ഞത് എന്തുകൊണ്ട്? കർത്താവ് വഹിച്ച ക്രൂശ് എന്നു പറഞ്ഞുകൊണ്ട് രണ്ടുതടിക്കഷണങ്ങൾ ചേർത്തുകെട്ടി മനുഷ്യൻ വഹിച്ചു നടന്നാൽ താദാത്മ്യം പ്രാപിക്കുമോ? ''ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്'' (പുറപ്പാട് 20:4,5) കുരിശിനെ വന്ദിക്കുന്നതും ബഹുമാനിക്കുന്നതും ധരിച്ചുകൊണ്ടു നടക്കുന്നതുമെല്ലാം മേൽപ്പറഞ്ഞ ദൈവ വചനത്തിനു എതിരല്ലേ? നമ്മുടെ സ്നേഹം കർത്താവിനോടോ കുരിശിനോടോ? സ്നേഹമുള്ള ഒരാളിനെ ഓർക്കുന്നതിനു മറ്റൊരു മാധ്യമം നാം അന്വേഷിക്കുന്നുവെങ്കിൽ അതു അയാളോടുള്ള സ്നേഹക്കുറവല്ലേ കാണിക്കുന്നത്? എല്ലാ മനുഷ്യരും ഒരുപോലെ പ്രബുദ്ധരല്ലാത്തതിനാലാണ് ക്രിസ്തു ശിഷ്യൻമാരോടു പറഞ്ഞത് ''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ'' (മർക്കൊ 16:15)

അതുകൊണ്ടു പ്രബുദ്ധരായവർ പ്രബുദ്ധരല്ലാത്തവരെ സത്യത്തിന്റെ പാതയിലൂടെ ദൈവവചനം പഠിപ്പിക്കുവാൻ കടപ്പെട്ടവരല്ലേ? അവരെ ദൈവവചനത്തിൽ നിന്നും വ്യതിചലിപ്പിച്ചു പഠിപ്പിക്കണമോ?

'ഒരു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൻമേൽ തൂക്കുക; കടിയേൽക്കുന്നവൻ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും' (സംഖ്യാ പുസ്തകം 21:8) എന്നാണു പറഞ്ഞത്. മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തി അതിനെ വന്ദിച്ചു ആരാധിച്ചാൽ രക്ഷപ്പെടുമെന്നു നമ്മുടെ മുൻഗാമികളെ ആരും പഠിപ്പിച്ചില്ല. പിച്ചളസർപ്പത്തെ നോക്കി രക്ഷപ്പെടുവാൻ മാത്രമേ പറഞ്ഞുള്ളു. ക്രിസ്തു തൂങ്ങപ്പെടുവാൻ പോകുന്ന കുരിശിനെയല്ല പിച്ചള സർപ്പം പ്രതിനിധീകരിക്കുന്നത്. പക്ഷെ കുരിശിൽ തൂക്കപ്പെടുവാൻ പോകുന്ന ക്രിസ്തുവിനെയാണ്. അറിവുകേടുകൊണ്ടു ഒരു വിഭാഗം കുരിശിനെ ആരാധിച്ചാൽ പ്രബുദ്ധ വിഭാഗത്തിനു അതു അക്ഷന്തവ്യമാണ്.

ക്രിസ്തുവിന്റെ മരണത്തിനുശേഷം പഴയ നിയമം ബാധകമല്ല. പഴയ നിയമത്തിലും പുതിയ നിയമത്തിലും വിഗ്രഹാരാധന പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. (പുറ 10:4,5; അപ്പോ. പ്ര 15:20, 1 കൊരി 10:7). പഴയ നിയമത്തിൽ ക്രിസ്തുവിനെ കുറിച്ചു പല ഭാഗത്തും പറഞ്ഞിരിക്കുന്നു. അതുകൊണ്ടു പഴയനിയമത്തിലെ വാക്യങ്ങൾ ഉച്ചരിക്കുന്നതു തെററാണോ? പുതിയ നിയമം പൂർണ്ണമായിരിക്കെ അതിനെ പഴയ നിയമത്തോടു പൊരുത്തപ്പെടുത്തേണ്ട കാര്യം എന്തിരിക്കുന്നു? അവയെ പൊരുത്തപ്പെടുത്തുവാൻ ദൈവവചനം നമ്മോടു ആവശ്യപ്പെടുന്നില്ല. ദൈവ വചനം ശരിയായി പഠിക്കുക, ശരിയായി അനുസരിക്കുക, ശരിയായി പഠിപ്പിക്കുക എന്നതാണു സുവിശേഷധർമ്മം, അല്ലാതെ എന്തെങ്കിലും പഠിപ്പിച്ചു അറിവു കുറഞ്ഞവരെ ദൈവവിശ്വാസികളാക്കി മാററുകയല്ല.

പുല്ലു മുല്ലപ്പൂമണമേററുകിടക്കുമ്പോൾ മാത്രമേ അതിനു സൗരഭ്യമുള്ളു, അല്ലാത്തപ്പോൾ പുല്ലു വെറും പുല്ലു മാത്രമാണ്. ഒരു പുല്ലിനു മുല്ലപ്പൂമണമേററതിനാൽ എല്ലാ പുല്ലുകൾക്കും ആ സൗരഭ്യം ഉണ്ടാവുകയില്ലല്ലോ! ക്രിസ്തുവിനെ വഹിച്ചപ്പോൾ ആ കുരിശിനു മഹിമ ഉണ്ടായേക്കാം. എന്നാൽ ഇപ്പോൾ ആ കുരിശിൽ ക്രിസ്തു ഇല്ല. എന്നാൽ ആ കുരിശിനു ഇപ്പോൾ മഹിമ കാണുമോ? അതുപോലെയുള്ള എല്ലാ കുരിശുകൾക്കും മഹിമ കാണുമോ? പൊരുളിനുള്ള പ്രാധാന്യം നിഴലിനു കൊടുക്കുന്നതു ശരിയാണോ? തെററാണെങ്കിൽ കർത്താവിനുള്ള പ്രാധാന്യം യോനാക്കും. കുരിശിനും കടലാനക്കും കൊടുക്കുന്നതു തെററല്ലേ? കുരിശു കുരിശായിട്ടും കടലാന കടലാനയായിട്ടും യോനാ യോനായായിട്ടും നാം കണ്ടാൽ പോരെ?

ക്രിസ്തുവിനെ ഓർക്കുന്നതിനു ഭൂമിയുടെ മദ്ധ്യേ കൈകാൽ കുരിശിന്റെ ആകൃതിയിൽ വിരിച്ചു കിടക്കേണ്ട ആവശ്യമുണ്ടോ? ക്രിസ്തുവിന്റെ ഓർമ്മക്കായി അപ്രകാരം കിടക്കുവാൻ ആരും ഒരിക്കലും പറഞ്ഞിട്ടില്ലല്ലോ! 'അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു' (ലൂക്കൊ 22:19, 20) ഇതു മാത്രമേ ക്രിസ്തു തന്റെ ഓർമ്മക്കായി ചെയ്‌വാൻ പറഞ്ഞിട്ടുള്ളു. പല രൂപങ്ങൾക്കും മനുഷ്യമനസിൽ ചലനം സൃഷ്ടിക്കുവാൻ കഴിയും. എന്നാൽ അവയെല്ലാം മനുഷ്യനെ ദൈവത്തോടു അടുപ്പിക്കുന്നില്ല. കുരിശു വിജയത്തിന്റെ ചിഹ്നമാണെങ്കിൽ ബൈബിളും ക്രിസ്തുവും തോൽവിയുടെ ചിഹ്നമാണോ?

മനുഷ്യനെ ആത്മീയ പൂർണ്ണതയിൽ എത്തിക്കുവാൻ കഴിയുന്നത് ബൈബിളിനാണോ കുരിശിനാണോ? സ്വയം ചിന്തിക്കുക...

# ഒരു സ്നേഹ സന്ദേശം

(ക്രിസ്തുവിന്റെ സഭയിലെ അംഗമായി തീർന്ന Br. JULIAN തന്റെ സുഹൃത്തിന് എഴുതിയ ഒരു എഴുത്താണ് താഴെ ചേർക്കുന്നത്. താൻ സ്വീകരിച്ച സത്യം പരിശോധിക്കുവാൻ തന്റെ സുഹൃത്തിനെ അനുവദിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു).

പ്രിയസുഹൃത്തേ 'സഭ' വിലയേറിയ ഒരു മുത്തിന് സമമാണ്. യഥാർത്ഥമായ 'സഭ'യെ കണ്ടെത്തിയതിനു ശേഷം മററ് നാമധേയ വിഭാഗങ്ങളെ വളരെ വേദനയോടെ കാണുവാൻ മാത്രമേ കഴിയുന്നുള്ളു. സഭയുടെ പ്രധാനമായ സ്വഭാവവിശേഷതകൾ പരിശോധിക്കുമെങ്കിൽ (1) സഭ ഒന്നുമാത്രം എന്നു മനസ്സിലാക്കാം. എഫെസ്യർ 4;4.

2 സഭയ്ക്ക് ഭൂമിയിൽ ഒരു നിയന്ത്രണകേന്ദ്രമോ, (Head Quarter) ഒരു പരമാധികാരിയോ ഇല്ല. ക്രിസ്തുവാണ് സഭയുടെ ഏക അധികാരി.

3 ക്രിസ്തുമസ്, ഈസ്ററർ തുടങ്ങിയ ആഘോഷങ്ങൾ യഥാർത്ഥ സഭയിൽ ആചരിക്കുന്നില്ല. കർത്താവിന്റെ ദിവസ (Lord's Day) മാണ് സഭ കൂടിവരുന്നത്. അതായത് ഞായറാഴ്ച

പ്രവൃത്തികൾ 2:1, 20:7, 1 കൊരിന്ത്യർ 16:2, എബ്രായർ 10:25 വെളിപ്പാട് 1:10.

സഭയുടെ വിശേഷതകളെക്കുറിച്ച് വിലയിരുത്തുമ്പോൾ നാം ഓർമ്മിക്കേണ്ട പരമപ്രധാനമായ ഒരു വസ്തുതയാണ്, നാംഇന്ന് അധീനപ്പെട്ടിരിക്കുന്നത് പഴയ നിയമത്തിൻ കീഴിലല്ല, പുതിയ നിയമത്തിന് കീഴിലാണ് എന്നത്. റോമർ 7:1-4, എഫെസ്യർ 2:15 എന്നീ വാക്യങ്ങൾ പ്രകാരം പഴയ ഉടമ്പടിയുടെ കീഴിൽ ജീവിച്ചിരുന്നവർ ക്രിസ്തുവിന്റെ മരണത്തോടുകൂടി ആ പഴയ ഉടമ്പടിയെ (Old Covenant) കീഴടക്കുന്നതായി കാണാം. ഒരു വിവാഹബന്ധവുമായി പൗലോസ് ഈ മർമ്മത്തെ ഉപമിക്കുന്നു. താൻ വിവാഹം കഴിച്ച ഭർത്താവു മരിക്കുന്നതോടുകൂടി ആ ഭർത്താവുമായുള്ള ഉടമ്പടിയിൽനിന്ന് ആ സ്ത്രീ മോചിതയായി തീരുന്നു. ആയതിനാൽ ആ സ്ത്രീയ്ക്ക് മറ്റൊരു വ്യക്തിയെ വിവാഹം കഴിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു. ദൈവത്തിന്റെ ജനം ഇപ്രകാരം ക്രിസ്തുവിന്റെ മരണത്താൽ പഴയ ഉടമ്പടിയിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ടു പുതിയനിയമത്തിനും ക്രിസ്തീയജീവിതത്തിനും യോഗ്യരാകുന്നു. റോമർ 7:4; എഫെസ്യർ 2:15—ൽ ''ചട്ടങ്ങളും കൽപ്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികൾ ഇനി മോശയിലൂടെ നൽകിയ ആ പത്തു കൽപ്പനകളിലെ ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നില്ല. പക്ഷേ ക്രിസ്തുവിന്റെ കൽപ്പനകളിൽ മോശയിലൂടെ നൽകിയ ധാർമ്മികമായ കൽപ്പന (Moral Principles) ഉൾക്കൊണ്ടിരിക്കുന്നതായി കാണാം. പഴയ നിയമ ഭാഗങ്ങൾ നാം വായിക്കുകയും പഠിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. കാരണം അവ എഴുതിയിരിക്കുന്നത് നമ്മുടെ ബുദ്ധിയുടെ വികസനത്തിനും വിശ്വാസത്തിന്റെ വളർച്ചയ്ക്കുമാണ് (റോമർ 15:4, 1 കൊരിന്ത്യർ 10;6,11) സുഹൃത്തേ, ഇവിടെയുള്ള Preacher താങ്കളുടെഎല്ലാവിധ സംശയങ്ങൾക്കും സഹായിക്കുവാൻ തയ്യാറാണ്. രേഖപ്പെടുത്തിയിട്ടുള്ള ബൈബിൾ ഭാഗങ്ങൾ താങ്കൾ വായിച്ചു നോക്കുമല്ലോ. കാരണം ദൈവം തന്റെ പുത്രനിലൂടെ നമ്മോട് സംസാരിച്ചിരിക്കുന്നു. (എബ്രായർ 1:1—2) കൂടാതെ റോമർ 7:6, ഗലാത്യർ 5:4 എന്നീ ഭാഗങ്ങൾ വായിക്കുമ്പോൾ നാം ന്യായപ്രമാണത്തിൽനിന്നും പൂർണ്ണമായി സ്വതന്ത്രരാണ് എന്ന് വ്യക്തമായി മനസിലാക്കുന്നു. ക്രിസ്തു പറഞ്ഞു ''ഞാൻ ന്യായപ്രമാണം നീക്കുവാനല്ല, നിവർത്തിക്കുവാനത്രേ വന്നത്'' മത്തായി 5:17.

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ ന്യായപ്രമാണത്തിൻ കീഴിലാണ് ജീവിച്ചത് (ഗലാത്യർ 4:4). പക്ഷെ തന്റെ മരണത്തോടുകൂടി പുതിയനിയമം സ്ഥാപിക്കപ്പെട്ടു.

ക്രിസ്തുവിന്റെ സഭയ്ക്ക് പുറത്ത് ആർക്കും രക്ഷയില്ല എന്ന് താങ്കൾ മനസിലാക്കിയിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ക്രിസ്തുവാണ് യഥാർത്ഥമായി രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയിലേയ്ക്ക് ചേർക്കുന്നത് (പ്രവൃത്തികൾ 2:47). ക്രിസ്തു പറഞ്ഞു 'ഞാൻ എന്റെ സഭയെ പണിയും', (മത്തായി 16:18). റോമർ 16:16-ൽ ക്രിസ്തുവിന്റെ സഭകളെ (പ്രാദേശികമായി) കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ സഭ ആരംഭിച്ചത് AD 33–ൽ ആണ്. പെന്തക്കൊസ്തുനാളിൽ 12 ശിഷ്യൻമാർക്ക് പരിശുദ്ധിത്മാവിന്റെ അഭിഷേകം നൽകിയതിലൂടെ സഭയുടെ ആരംഭം കുറിക്കുന്നു. സുഹൃത്തേ ശ്രദ്ധിക്കൂ... 120 പേർക്കല്ല ദൈവത്തിന്റെ ശക്തി ലഭിച്ചത്, 12 പേർക്കു മാത്രമാണ് എന്ന് ശ്രദ്ധയോടെ അപ്പോസ്തല പ്രവൃത്തികൾ 2–ാം അദ്ധ്യായം വായിക്കുമ്പോൾ മനസ്സിലാക്കാം.

ഇന്ന് എന്തുകൊണ്ട് ഇത്രമാത്രം വിഭാഗങ്ങൾ ഉണ്ടായി? ബൈബിളിൽ ഇപ്രകാരം സംഭവിക്കുമെന്ന് മുൻകൂട്ടി പറഞ്ഞിരുന്നു. മത്തായി 24:11–13, പ്രവൃത്തികൾ 20:28–30, മത്തായി 7:15, 1തിമോഥെയോസ് 4:1–12, 2 പത്രോസ് 2:1–2 etc.

ദൈവം എല്ലാം അറിയുന്നു. ക്രിസ്തുവിന്റെ സഭ അതു വിശ്വസിക്കുന്നു. ഭാവി, ഭൂത, വർത്തമാന സംഭവങ്ങളെക്കുറിച്ച് പരിജ്ഞാനമുള്ള വ്യക്തിയാണ് ദൈവം [യെശയ്യാവ് 46:10, സങ്കീർത്തനം 139:16 etc]. ലോകാരംഭത്തിനു മുൻപുതന്നെ ദൈവം തന്റെ സഭയെക്കുറിച്ചും, താൻ സുവിശേഷത്താൽ വിളിച്ചു ചേർത്തിരിക്കുന്നവരെക്കുറിച്ചും അറിഞ്ഞിരുന്നു. [റോമർ 8:28-30, എഫെസ്യർ 1:3–15].

സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു എന്ന് ഞാൻ പറയുമ്പോൾ താങ്കൾ ആശ്ചര്യപ്പെടുമെന്ന് എനിക്കറിയാം. അതിശയിക്കേണ്ട, അതു സത്യമാണ്. Daniel 2:44–ൽ ആ പ്രവാചകൻ മുൻപുകൂട്ടി പ്രവചിച്ചിരുന്നതുപോലെ ദൈവരാജ്യം സ്ഥാപിക്കപ്പെട്ടു. നാല് പ്രധാനസാമ്രാജ്യങ്ങൾക്കുശേഷം (Babylon, Medo–Persia. Greek, Roman) ഒരിക്കലും നശിക്കാത്ത ഒരു സാമ്രാജ്യമായി ദൈവരാജ്യം ക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെട്ടു. (മർക്കൊസ് 9:1, ലൂക്കൊസ് 24:44–46, പ്രവൃത്തികൾ 1:7).

യെശയ്യാവ് 2:23, യോവേൽ 2:28-29 എന്നീ പ്രവചനങ്ങൾ സൂചിപ്പിച്ചതുപോലെ ദൈവരാജ്യം യെരുശലേമിൽതന്നെയാണ് ആരംഭിച്ചത്. യോഹന്നാൻ സ്നാപകൻ... ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് റോമാസാമ്രാജ്യകാലത്തും പ്രസംഗിച്ചിരുന്നുവെന്ന് താങ്കൾ ഓർക്കുമല്ലോ [മത്തായി 3:1–2].

(ശേഷം അടുത്ത ലക്കത്തിൽ)

# ഹേ മരണമേ, നിന്റെ ജയം എവിടെ ?

മരണത്തെ തോല്പിക്കുവാൻ ഒരിക്കലും കഴിയാത്ത മനുഷ്യരായ നമ്മുടെ ജീവിതത്തിൻമേൽ, നമ്മെ നിയന്ത്രിക്കുവാനും, വഴി നടത്തുവാനും അധികാരമുള്ള വ്യക്തിയായി 'ദൈവം' നിലനിൽക്കുന്നു. നാം തള്ളിക്കളയാൻ ശ്രമിച്ചാലും, അംഗീകരിക്കുവാൻ മടിക്കുന്നു എങ്കിലും നാമെല്ലാവരും കടപ്പെട്ടിരിക്കുന്നത് ആ സ്രഷ്ടാവിനോടാണ്. സൃഷ്ടികളായ നാം ആ സ്രഷ്ടാവിന്റെ അനുഗ്രഹമില്ലാതെ ജീവിക്കുവാൻ ശ്രമിക്കുന്നത് ബുദ്ധിശൂന്യതയല്ലേ?

ഭൂമുഖത്തു ജീവിക്കുന്ന സകല മനുഷ്യരുടേയും ശരീരഘടന ഒന്നുതന്നെ ആയിരിക്കുന്നതിനാൽ (നിറഭേദങ്ങൾ ഉണ്ടെങ്കിലും) സ്രഷ്ടാവായ ദൈവം ഒന്നുമാത്രം എന്നതിൽ തർക്കമില്ല. അനേകം 'ദൈവങ്ങൾ' ഉണ്ടായിരുന്നുവെങ്കിൽ പലതരത്തിലുള്ള 'മനുഷ്യർ' കണ്ടുമായിരുന്നു!

ദൈവത്തെ അനുസരിച്ച് ജീവിതം നയിക്കുന്നതിനുവേണ്ടിയായിരുന്നു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. പക്ഷേ മനുഷ്യനു നൽകപ്പെട്ട സ്വാതന്ത്ര്യം നൻമ ഉപേക്ഷിച്ച് തിൻമ തിരഞ്ഞെടുക്കുന്നതിനായി മനുഷ്യൻ ഉപയോഗിച്ചതിനാൽ, ശാരീരികമായ മരണവും ആത്മീയ മരണവും (ദൈവത്തിൽനിന്നുള്ള വേർപാട്) മനുഷ്യൻ അനുഭവിക്കുന്നു.

എല്ലാവരും ഇപ്രകാരം ദൈവത്തിന് വിരോധമായ ഒരു ജീവിതമാണ് നയിക്കുന്നത്. ദൈവത്തിൽനിന്ന് അകന്ന്, സമാധാനമില്ലാതെ, ലക്ഷ്യമില്ലാതെ യാത്രചെയ്യുന്നു.

ഭൂമിയിൽ 'അനുസരണക്കേട്' (പാപം) തുടങ്ങിയപ്പോൾ മനുഷ്യരുടെ ശാരീരികമായ മരണം ആരംഭിച്ചു. അത് ഇന്നും തുടരുന്നു. നിഷ്കളങ്കരായി ജനിക്കുന്ന ശിശുക്കൾ അറിവിന്റെ പ്രായമാകുമ്പോൾ ദൈവത്തിൽനിന്നും അകലുന്നു. അങ്ങനെ ആത്മീയമായി മരിച്ച് മനുഷ്യർ വളരുന്നു. "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപംചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" എന്ന് വിശുദ്ധ ബൈബിളിൽ കാണുന്നു (റോമർ 3:23, 6:23).

ദൈവത്തിനല്ലാതെ മനുഷ്യരെ ഈ അവസ്ഥയിൽനിന്നും രക്ഷിക്കുവാൻ മററാർക്കും കഴിയുകയില്ല. കാരണം അതിനുള്ള യോഗ്യത ഒരു മനുഷ്യർക്കും ഇല്ല എന്നതു തന്നെ. എല്ലാവരും ദൈവത്തിൽനിന്നും അകന്നുപോയതിനാൽ അതുകൊണ്ട് മനുഷ്യരുടെ സൃഷ്ടാവായ സ്നേഹവാനായ ദൈവത്തിന് ഭൂമിയിലേക്ക് കടന്നുവരേണ്ടിവന്നു. ദൈവം മനുഷ്യരൂപം എടുത്തു, മനുഷ്യനായി അവതരിച്ചു. ''ദൈവം നമ്മോടുകൂടെ'' എന്ന് വിശേഷിപ്പിച്ച 'യേശുക്രിസ്തു' ആയിരുന്നു അദൃശ്യനായ ദൈവത്തിന്റെ രൂപം. വിശുദ്ധ ബൈബിളിൽ ഇപ്രകാരം വായിക്കുന്നു: ''അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നുവിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യസാദൃശ്യത്തിലായി....'' ഫിലിപ്പിയർ 2-ാം അദ്ധ്യായം 6 മുതൽ 8 വരെ (കൂടാതെ യോഹന്നാൻ 1:1-3, 14, യെശയ്യാവ് 9:6-7 എന്നീ ഭാഗങ്ങളും നോക്കുക).

മനുഷ്യനും ദൈവവും തമ്മിൽ പാപത്താൽ സംഭവിച്ച അകൽച്ചയെക്കുറിച്ചും, അതിനെത്തുടർന്നുള്ള ശിക്ഷയെക്കുറിച്ചും എല്ലാററിന്നും ഉപരിയായി പാപത്തിൽനിന്നുള്ള രക്ഷയെ സംബന്ധിച്ചും മനുഷ്യരെ ബോധവാനാക്കിയ, അതിനുവേണ്ടി സ്വയം ത്യജിക്കുവാനും പരിഹാരമായിത്തീരുവാനും തയ്യാറായ മറെറതെങ്കിലും 'ദൈവ'ത്തെക്കുറിച്ച് താങ്കൾ കേട്ടിട്ടുണ്ടോ? നമ്മുടെ എല്ലാവരുടേയും പാപത്തിന്റെ ശിക്ഷ പാപം ചെയ്തിട്ടില്ലാത്ത യേശുക്രിസ്തു ക്രൂശിൽ ചുമക്കുകയായിരുന്നു. ക്രിസ്തു എന്തിനുവേണ്ടി ആ കഷ്ടതകളും വേദനകളും അനുഭവിച്ചു? എനിക്കുവേണ്ടി!

ദൈവത്തിൽനിന്നും അകന്നുപോയ നമ്മെ ദൈവത്തിങ്കലേക്ക് തിരികെ കൂട്ടിച്ചേർക്കുന്നതിന് ദൈവം ഒരുക്കിയ ഏക വഴിയാണ് യേശുക്രിസ്തു. പാപമാകുന്ന തടസം നമ്മുടെ പാതയിൽനിന്ന് ക്രിസ്തു നീക്കി. ക്രിസ്തു ഇങ്ങനെ പറഞ്ഞു: ''ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.'' യോഹന്നാൻ 14:6, 1 തിമൊഥെയോസ് 2:5, പ്രവൃത്തികൾ 4:12.

''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'' റോമർ 5:8.

ക്രിസ്തു ഒരു മതവിഭാഗം സൃഷ്ടിക്കുവാനല്ല ക്രൂശിൽ മരിച്ചതും ഉയിർത്തെഴുന്നേററതും. പാപത്തിൽ ജീവിക്കുന്ന, സകല മനുഷ്യരുടെയും രക്ഷകനായാണ് ക്രിസ്തു അവതരിച്ചത്. ക്രി

സ്തുവിലൂടെയല്ലാതെ ആർക്കും പാപമോചനവും മരണത്തിനു അപ്പുറമുള്ള നിത്യമായ ജീവനും നേടിയെടുക്കുവാൻ കഴിയുകയില്ല.

മനുഷ്യരാണ് മതങ്ങളും, ഭിന്നതകളും സൃഷ്ടിച്ചത്. നാം ഇന്ന് ഏതു മതവിഭാഗത്തിൽ ആയിരിക്കുന്നു എങ്കിലും നമുക്ക് ദൈവവുമായി ബന്ധപ്പെടുന്നതിന് ക്രിസ്തുവിലൂടെയല്ലാതെ സാദ്ധ്യമല്ല. ക്രിസ്തു ലോകരക്ഷിതാവും, മനുഷ്യരുടെ പാപപരിഹാരകനുമാണ്. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരു ചരിത്രസത്യതയായി നിലകൊള്ളുന്നു. അനേകർ പുച്ഛിച്ചുതള്ളുകയും, തകർക്കുകയും ചെയ്യുവാൻ ശ്രമിച്ചിട്ടും മരണത്തിന്മേൽ അധികാരമുള്ള ദൈവമായി, മരണത്തെ കീഴടക്കിയ രക്ഷകനായി ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നുള്ളത് തെളിയിക്കുവാൻ കഴിയുന്ന ഒരു സത്യമാണ്.

നമുക്കു ചുററും അറിയപ്പെടുന്ന മറ്റെല്ലാ ദൈവങ്ങളും കല്ലറകളിൽ വിശ്രമിക്കുമ്പോൾ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന സത്യം, യഥാർത്ഥ ദൈവത്തെ കണ്ടെത്തുവാൻ നമ്മെ സഹായിക്കും. ക്രിസ്തു താങ്കളെ ക്ഷണിക്കുന്നു: ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു: ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. വെളിപ്പാട് 3:20.

ക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ ദൈവം ക്രിസ്തുവിലൂടെ നമ്മോട് സംസാരിക്കുകയായിരുന്നു. (മത്തായി 17:5, എബ്രായർ 1:1–2) എല്ലാ അധികാരങ്ങളും ക്രിസ്തുവിലാണ് കുടികൊള്ളുന്നത് (മത്തായി 28:18). ക്രിസ്തു വെളിപ്പെടുത്തിയ ദൈവീകസത്യങ്ങൾ ക്രിസ്തുവിന്റെ ശിഷ്യന്മാർ, ദൈവീകനിയോഗത്താൽ, നമുക്കുവേണ്ടി രേഖപ്പെടുത്തി. ദൈവത്തിങ്കലേയ്ക്കും, വിശ്വാസത്തിലേക്കും നമ്മെ വഴി നടത്തുന്നതിനായി ആ വചനങ്ങൾ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. (റോമർ 10:17, യോഹന്നാൻ 20:30-31, എബ്രായർ 11:6).

ഭൂമിയിൽ ജീവിക്കുന്ന സകല മനുഷ്യരും ദൈവവചനം അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. നാം അത് ഇഷ്ടപ്പെടുന്നില്ല എങ്കിലും ദൈവം അപ്രകാരമാണ് അരുളിച്ചെയ്തിരിക്കുന്നത്. ആ വചനത്തോട് കൂട്ടുകയോ, വചനത്തിൽനിന്ന് എടുത്തുകളയുകയോ ചെയ്യുന്നവർ ദൈവശിക്ഷക്ക് വിധേയരാകും. (യോഹന്നാൻ 12:48 ഗലാത്യർ 1:6–9, സദൃശവാക്യം 30:6, വെളിപ്പാട് 22:18–19). നമ്മൾ ഇന്ന് ആചരിക്കുന്ന വിശ്വാസം വചനപ്രകാരമാണോ എന്ന് പരിശോധിക്കുന്നില്ല എങ്കിൽ ദൈവം നമ്മെ ന്യായം വിധിക്കുമ്പോൾ (വചനത്താൽ) നാം നഷ്ടപ്പെട്ടുപോകും. (അപ്പോസ്തലപ്രവൃത്തികൾ 17:11, 2 തെസ്സലൊനീക്യർ 1:6–9).

വിഗ്രഹാരാധന ദൈവകോപത്തിന് വഴിതെളിക്കും (1 കൊരിന്ത്യർ 10:7,14). അങ്ങനെ ഇന്നു നാം അധീനപ്പെട്ടിരിക്കുന്ന 'പുതിയ നിയമം' എന്ന വേദഭാഗത്തിൽ പറഞ്ഞിട്ടില്ലാത്ത എന്തു പ്രവൃത്തികൾ ചെയ്യുന്നവരായിരുന്നാലും ദൈവം നമ്മെ സ്വീകരിക്കുകയില്ല.

ദൈവത്തിങ്കലേക്ക് യഥാർത്ഥമായി കടന്നുവരുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക് ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന മാർഗ്ഗം വചനത്തിൽ കാണാവുന്നതാണ്. ക്രിസ്തു തന്റെ ശിഷ്യരെ അത് ഉപദേശിച്ചു. അവർ പിന്നീട് അതുപ്രകാരം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

a) പാപത്തിൽനിന്നും രക്ഷനേടുന്നതിനുള്ള ആഗ്രഹം ഉണ്ടാകണം. യെശയ്യാവ് 59:1,2, റോമർ 3:23, യോഹന്നാൻ 8:24.

b) സുവിശേഷം (വചനം) കേൾക്കണം. 1 കൊരിന്ത്യർ 15:1-8, റോമർ 10:17.

c) ക്രിസ്തു ദൈവപുത്രനെന്ന് വിശ്വസിക്കണം. മത്തായി 16:16–17, യോഹന്നാൻ 3:16, 3:36, മർക്കൊസ് 16:16.

d) നമ്മുടെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടണം. ലൂക്കൊസ് 13:3–5, പ്രവൃത്തികൾ 17:30–31.

e) ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയണം. റോമർ 10:9–10, മത്തായി 10:32-33.

f) ജലത്താൽ സ്നാനപ്പെടണം. മത്തായി 28:18-20, മർക്കൊസ് 16:15–16, യോഹന്നാൻ 3:3-5, പ്രവൃത്തികൾ 2:38, 22:16; ഗലാത്യർ 3:26–27, റോമർ 6:3–4, 1 കൊരിന്ത്യർ 12:13, 1 പത്രൊസ് 3:21, പ്രവൃത്തികൾ 10:47,48.

g) മരണത്തോളം വിശ്വസ്തരായി ജീവിക്കണം. വെളിപ്പാട് 2:10

മരണത്തിന്മേൽ വിജയം കൈവരിക്കുവാൻ ഒരു വ്യക്തിക്ക് ഈ മാർഗ്ഗത്തിലൂടെ കഴിയുന്നു. കാരണം അവർ മരണത്തിനുശേഷവും നിത്യമായി ജീവിക്കുന്നു.

പാപത്താൽ ദൈവത്തിൽനിന്നും അകന്നുപോയ മനുഷ്യസമൂഹത്തെ ദൈവത്തിങ്കലേയ്ക്കും, നിത്യജീവങ്കലേക്കും വഴിനടത്തുവാൻ ദൈവം ഒരുക്കിയിരിയ്ക്കുന്ന ലളിതമായ ഈ വഴി ഉപേക്ഷിച്ച്

പാരമ്പര്യങ്ങളും, ആചാരങ്ങളും പഠിപ്പിക്കുകയും, പരസ്പരവിരുദ്ധമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അനേകം വ്യത്യസ്തങ്ങളായ, യോജിപ്പില്ലാത്ത 'സഭ'കളെ നമുക്കു ചുററും കാണുവാൻ കഴിയും. ക്രിസ്തുവിൻെറ നാമത്തിന് ലജ്ജാകരമായ പ്രവൃത്തിയാണ് വചനത്തിൽനിന്നും വ്യതിചലിച്ചുകൊണ്ടു അവർ അനുഷ്ഠിക്കുന്നത്. അവരെല്ലാം ക്രിസ്തുവിനെയാണ് സ്നേഹിക്കുന്നത് എങ്കിൽ എന്തിനുവേണ്ടി പരസ്പരം വിഭജിച്ചുനിൽക്കുന്നു; യുദ്ധം ചെയ്യുന്നു? (മത്തായി 7;21, 15;9, യോഹന്നാൻ 8;32, 17;20-21, 2 യോഹന്നാൻ 9).

സത്യം കണ്ടെത്തുന്നതിനും ദൈവത്തിൻെറ ശബ്ദം കേട്ടു (വചനത്തിലൂടെ) ദൈവത്തിങ്കലേയ്ക്ക് മടങ്ങിവരുന്നതിനും ഈ തടസ്സങ്ങളൊന്നും താങ്കളെ ശല്യപ്പെടുത്താതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിലകുറഞ്ഞ മതപ്രചരണമെന്ന് മുദ്രകുത്തി ഈ സത്യങ്ങളെ പുച്ഛിച്ചുതള്ളരുതെന്നും, കുടുംബമഹിമയും, സമൂഹത്തെയും ഭയന്ന് ഈ വസ്തുതകൾ നിഷേധിക്കരുതെന്നും താഴ്മയായി അഭ്യർത്ഥിക്കുന്നു. ചിന്തിക്കൂ! അനേകരുടെ ജീവിതം മരണത്തിൽ അവസാനിക്കുന്നു. ചിലർക്കോ മരണം ഒരു പുതിയ ജീവിതത്തിൻെറ ആരംഭമാണ്. മരണത്തെ തോൽപ്പിക്കുവാൻ ക്രിസ്തുവിലൂടെ താങ്കൾക്ക് കഴിയട്ടെ!

വിശദമായി അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദയവായി ബന്ധപ്പെടുക. സഹായിക്കുവാൻ ഞങ്ങൾ ഒരുക്കമാണ്. ഒരു വിഭാഗം സൃഷ്ടിക്കുകയല്ല, പിന്നെയോ മനുഷ്യരെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കുക മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം.

ബൈബിൾ പഠനത്തിന് എഴുതുക:

# സ്നേഹം

## ജെ. ഫ്രാൻസിസ്, പൂന്തുറ

സ്നേഹം എന്താണെന്നു അറിഞ്ഞുകൂടാത്തവരും, അതു അനുഭവിച്ചിട്ടില്ലാത്തവരും ഇന്നു ലോകത്തിൽ ആരും തന്നെ കാണുകയില്ല. എന്നാൽ മനുഷ്യൻ ഇതു അനുഭവിക്കുന്ന കാര്യത്തിൽ വ്യത്യാസങ്ങൾ കണ്ടേക്കാം. ചിലർ കൂടുതൽ സ്നേഹം ജീവിതത്തിൽ അനുഭവിക്കുമ്പോൾ മററു ചിലർ വളരെ കുറച്ചു മാത്രമേ അനുഭവിക്കുന്നുള്ളു. എങ്ങനെയായാലും സ്നേഹം മനുഷ്യജീവിതത്തിൽ അനുഭവിക്കാതി

രിക്കുന്നില്ല. ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽനിന്നു വെറുപ്പ് അനുഭവിക്കുമ്പോൾ മററു പലരിൽ നിന്നും സ്നേഹം അവൻ അനുഭവിക്കുന്നു. ചുരുക്കത്തിൽ ലോകം സ്നേഹമയമാണെന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

സ്നേഹം ഉടലെടുത്തത് ഈ ലോകത്തിൽ തന്നെയാണെന്ന കാര്യത്തിൽ സംശയമില്ല. ദൈവം മനുഷ്യനെ ആദ്യമായി സ്നേഹിച്ചുതുടങ്ങിയതും ഈ ലോകത്തിൽ വെച്ചു തന്നെയാണ്. അവന്റെ സ്നേഹം അതിന്റെ പാരമ്യതയിൽ തന്നെയായിരുന്നു. ദൈവം ഈ ലോകത്തെയും ഇവിടെ വച്ചു കാണുന്ന എല്ലാത്തിനേയും അഞ്ചു ദിവസംകൊണ്ടു സൃഷ്ടിച്ചു. ആറാം ദിവസം ''ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി'' (ഉൽപ്പത്തി 1:27,5:1 ത്താ 19:4, മർക്കൊ 10:6. അപ്പൊസ്തലനായ പൗലോസ് പറയുന്നത് ''പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകുന്നു''(1 കൊരി 11:7) വെന്നാണ്. ഇതിൽ നിന്നും ആണും പെണ്ണും ദൈവത്തിന്റെ തേജസ്സുകൂടിയാണ്. തന്റെ പ്രതിമയും തേജസ്സും നൽകുവാൻ ദൈവം മനുഷ്യനെ അത്ര കണ്ടു സ്നേഹിച്ചു. അതേ അപ്പൊസ്തലൻ വീണ്ടും എഫേസ്യർക്കു എഴുതിയ ലേഖനത്തിൽ പറയുന്നു ''സത്യത്തിന്റെഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ'' (എഫെ 4:24). ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾ പുതുമനുഷ്യൻ ആകുന്നുവെന്നാണ് പറയുന്നത്. ദൈവത്തിന്റെ പ്രതിമയിലും തേജസിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിൽ വീഴുന്നതു മൂലം അവയൊക്കെയും നഷ്ടപ്പെടുത്തുന്നു. എന്നാൽ അവൻ ക്രിസ്ത്യാനിയാകുന്നതോടൊപ്പം അവയൊക്കെ വീണ്ടെടുക്കുന്നു. ''തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ'' (കൊലൊ 3:10) എന്നാണു ഒരു ക്രിസ്ത്യാനിയെക്കുറിച്ചു പൗലോസ് വീണ്ടും പറയുന്നത്.

മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പുള്ള അഞ്ചു ദിവസങ്ങളിലും മനുഷ്യനുവേണ്ടിയുള്ള സൃഷ്ടിയാണു ദൈവം നടത്തിയത്; ആദ്യം ലോകത്തെയും പിന്നെ പുല്ല്, സസ്യങ്ങൾ, വൃക്ഷങ്ങൾ, ജലജന്തുക്കൾ, പക്ഷിമൃഗാദികൾ തുടങ്ങിയവയെ സൃഷ്ടിച്ചു. ഇവയെല്ലാം സൃഷ്ടിച്ചതിനു പുറമെ 'ഇവയുടെ മേൽ അവൻ വാഴട്ടെ എന്നു കൽപ്പിച്ചു' (ഉൽപ്പത്തി 1:26). താൻ സൃഷ്ടിച്ച വസ്തുക്കളിൻ മേൽ വാഴുവാനുള്ള അധികാരം ദൈവം അതീവ സ്നേഹത്താൽ മനുഷ്യനു നൽകി. ''യഹോവയായ ദൈവം; മനുഷ്യൻ നൻമ തിൻമകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയി തീർന്നിരിക്കുന്നു'' (ഉൽപ്പത്തി 3: 22). അവൻ സ്നേഹിച്ച മനുഷ്യൻ ദൈവത്തെപ്പോലെ ആകുവാൻ വരെ അവൻ അനുവദിച്ചിരിക്കുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതു തമ്മിൽ വെറുക്കുവാനല്ല, തമ്മിൽ സ്നേഹിക്കുവാനത്രേ. ''ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും; ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയതു'' (ഉൽപ്പത്തി 9:6). മനുഷ്യൻ മനുഷ്യനെ പകെച്ചാൽ അവൻ പകക്കുന്നതു ദൈവത്തെയാണ്. കാരണം മനുഷ്യൻ ദൈവത്തിന്റെ സ്വരൂപമാണ് ദേവാലയങ്ങളിൽ ഇരിക്കുന്ന സ്വരൂപങ്ങളൊ (പ്രതിമകളൊ) ക്ഷേത്രങ്ങളിൽ കാണുന്ന വിഗ്രഹങ്ങളൊ അല്ല ദൈവത്തിന്റെ സ്വരൂപങ്ങൾ.

മനുഷ്യ നാവിനെക്കുറിച്ചു യാക്കോബ് തന്റെ ലേഖനത്തിൽ പറയുന്നതു ഇപ്രകാരമാണ് ''നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു'' (യാക്കോബ് 3:9). നാം നമ്മുടെ നാവുകൊണ്ടു രണ്ടു പ്രവർത്തികൾ ചെയ്യുന്നു. ദൈവത്തെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിലുള്ള മനുഷ്യരെ ശപിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കുന്നില്ലായെന്നു വെളിപ്പെടുത്തുകയല്ലെ ഈ പ്രവർത്തിയിലൂടെ നാം ചെയ്യുന്നത്.

''ദൈവം സകലത്തെയും അവന്റെ കാൽകീഴാക്കിയിരിക്കുന്നു'' (സങ്കീ 8:6-8). നമ്മെയും അവൻ അപ്രകാരംതന്നെ ചെയ്തിരിക്കുന്നു. നാം അവന് എതിരെ അല്ലെങ്കിൽ അവന്റെ സദൃശ്യത്തിലുള്ള മനുഷ്യനു എതിരെ തെററു ചെയ്താൽ അവനു നമ്മെ ശിക്ഷിക്കുവാൻ തീർച്ചയായും സാധിക്കും. കാരണം നാം അവന്റെ അധികാരത്തിൻ കീഴിലാണു കഴിയുന്നത്.

അവന്റെ കൽപ്പനകളെ അനുസരിക്കുന്നവരെ അവൻ സ്നേഹിക്കുന്നു, അല്ലാത്തവരെ അവൻ ശിക്ഷിക്കുന്നു. ദൈവത്തിനു എതിരേ പാപത്തിൽ മുഴുകി ജീവിച്ചുവന്നിരുന്ന ജനതയെ മുഴുവനായി ജലപ്രളയത്താൽ അവൻ ഒരിക്കൽ നശിപ്പിച്ചു. എന്നാൽ അവനെ സ്നേഹിച്ചിരുന്ന നോഹയേയും കുടുംബത്തെയും ആ പ്രളയത്തിൽനിന്നും അൽഭുതകരമായി രക്ഷിച്ചതായി പഴയ നിയമത്തിൽനിന്നു നമുക്കു മനസിലാക്കുവാൻ കഴിയും. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. എന്നിരുന്നാലും നീതി പ്രവർത്തിച്ച് അവനെ സ്നേഹിക്കുന്നവരെ അവൻ കൂടുതലായി സ്നേഹിക്കുന്നു. ''കുറെക്കാലം കഴിഞ്ഞിട്ടു കയീൻ നിലത്തെ അനുഭവത്തിൽ നിന്നു യഹോവക്കു ഒരു വഴിപാടു കൊണ്ടുവന്നു. ഹാബേലും ആട്ടിൻ കൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്നു, അവയുടെ മേദസിൽ നിന്നുതന്നെ, ഒരു വഴിപാടു കൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. (ഉൽപ്പത്തി 4:45) ഇതിൽ കയീൻ കോപിച്ചു. എന്നാൽ നൻമ ചെയ്തു പ്രസാദമുണ്ടാ

ക്കുവാൻ ദൈവം അവനെ ഉപദേശിച്ചു. (ഉൽപ്പ 4:5–7) ദൈവം നീതിമാന്റെ വഴിപാടു മാത്രമേ സ്വീകരിക്കുന്നുള്ളൂ. അല്ലാത്തവന്റേതു നിരസിക്കുന്നു. എന്നാൽ അവനും നീതിമാനായി വഴിപാടു നടത്തുന്നതിനായി ഉപദേശിക്കുന്നതുമൂലം അവനോടുള്ള സ്നേഹമല്ലേ ദൈവം പ്രകടിപ്പിക്കുന്നത്. വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ''ദൈവം അവന്റെ വഴിപാടിനു സാക്ഷ്യം കൽപ്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു'' (എബ്രാ 11:3).

യഹോവയുടെ കൽപ്പനകൾ അനുസരിക്കുന്നതിൽ ഉപരി വേറെ യാഗങ്ങൾ യാതൊന്നും തന്നെയില്ല. യാഗങ്ങളെക്കാൾ ശ്രേഷ്ഠമായതു കൽപ്പനകൾ അനുസരിക്കുന്ന പ്രവർത്തികൾ ആകുന്നു. ''യഹോവയുടെ കൽപ്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവക്കു പ്രസാദിക്കുമോ?'' (1 ശാമു 15:22) എന്നാണ് ശമുവേൽ എന്ന പ്രവാചകൻ ചോദിക്കുന്നത്. മനുഷ്യനും ദൈവവും കാര്യങ്ങളെ നോക്കുന്നത് രണ്ടു തരത്തിലാണ്. ദൈവം ശമുവേലിനോടു അതു വ്യക്തമാക്കികൊടുക്കുകയും ചെയ്തു ''മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവ ഹൃദയത്തെ നോക്കുന്നു'' (1 ശാമു 16:17).

യെശയ്യാവു എന്ന പ്രവാചകൻ നീതിമാൻമാരെക്കുറിച്ച് വ്യക്തമായി പറയുന്നു. ''നീതിമാനെക്കുറിച്ച് അവനു നൻമ വരും. തങ്ങളുടെ പ്രവർത്തികളുടെ ഫലം അവർ അനുഭവിക്കും'' (യെശയ്യാവു 3:10). നീതിമാൻമാർ തങ്ങളുടെ പ്രവർത്തികളുടെഫലം അനുഭവിക്കുമ്പോൾ ദുഷ്ടൻമാർ അവരുടെ പ്രവർത്തികളുടെ ഫലം അനുഭവിക്കാതിരിക്കുമോ?. അവരെക്കുറിച്ച് യൂദാ പറയുന്നതു ഇപ്രകാരമാണ്. ''അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏൽപ്പിക്കുകയും കോരഹിന്റെ മൽസരത്തിൽ നശിച്ചുപോവുകയും ചെയ്യുന്നു'' (യൂദാ:11).

സ്നേഹത്തെക്കുറിച്ച് ക്രിസ്തു പറയുന്ന ഭാഗങ്ങൾ വളരെ പ്രസക്തമാണ്. ''സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോടു നിസാരനെന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും'' (മത്താ:5:22). സഹോദരസ്നേഹം ഈ ഭാഗങ്ങളിൽ ക്രിസ്തു വ്യക്തമായി പ്രകടിപ്പിക്കുന്നു. ഇത് അറിയുന്ന വ്യക്തി തന്റെ സഹോദരനെ എങ്ങനെ വെറുക്കുവാൻ കഴിയും? പകയുള്ള സഹോദരനോട് എന്തു ചെയ്യണമെന്നു

ക്രിസ്തു നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ''നിന്റെ വഴിപാട് യാഗപീഠത്തിങ്കലേക്കു കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച് ഒന്നാമതു ചെന്ന് സഹോദരനോട് നിരന്നുകൊൾക; പിന്നെ വന്ന് നിന്റെ വഴിപാടു കഴിക്ക'' (മത്താ: 5: 23–24). ദൈവത്തിന് വഴിപാടു നടത്തുന്നതിനേക്കാൾ വലുതാണ് സഹോദരനെ സ്നേഹിക്കുക എന്നത് ഇതിൽനിന്നു വ്യക്തമാണ്. ദൈവത്തെ സ്നേഹിക്കുന്ന ഒരുവൻ സഹോദരനെ സ്നേഹിച്ചിരിക്കണം. അല്ലെങ്കിൽ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നത് കള്ളമാണ്.

സകല മനുഷ്യർക്കും നൻമ ചെയ്ത് സ്നേഹിക്കണമെന്നാണ് പൗലോസ് പറയുന്നത്. ''ആർക്കും തിൻമക്കു പകരം തിൻമ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ' (റോമ: 12:17–18). ശത്രുക്കളോട് എങ്ങനെ പെരുമാറണമെന്ന് അദ്ദേഹം വീണ്ടും പറയുന്നു. 'നിന്റെ ശത്രുവിന് വിശക്കുന്നുവെങ്കിൽ അവനു തിൻമാൻ കൊടുക്ക; ദാഹിക്കുന്നുവെങ്കിൽ കുടിക്കാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും. തിൻമയോടു തോൽക്കാതെ നൻമയാൽ തിൻമയെ ജയിക്കുക' (റോമ: 12:30–31).

നമ്മുടെ ശത്രുക്കളെ സ്നേഹിക്കേണ്ടത് എപ്രകാരമായിരിക്കണമെന്ന് ക്രിസ്തു വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രൻമാരായിത്തീരേണ്ടതിനുതന്നെ; നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം? (മത്താ: 5:44–46). ലൂക്കൊ 6:22–25] ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകക്കുന്നവർക്ക് ഗുണം ചെയ്വിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ'' [ലൂക്കൊ 6; 27].

ക്രിസ്തുവിൽ വിശ്വസിക്കുകയും സുവിശേഷപ്രചരണത്തിനായി അശ്രാന്തപരിശ്രമം നടത്തിയ സ്തെഫാനൊസിനെക്കുറിച്ച് നമുക്ക് ബൈബിളിൽ വായിക്കുവാൻ കഴിയും. ആ സ്തെഫാനൊസ് സുവിശേഷപ്രചരണം നടത്തിയതിനാൽ യഹൂദൻമാർ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊന്നു. അദ്ദേഹം മരിച്ച അവസരത്തിൽ പറഞ്ഞ വാക്കുകൾ ക്രിസ്തുവിന്റെ വചനങ്ങൾ സ്വജീവിതത്തിൽ എന്തുമാത്രം പകർത്തിയിരിക്കുന്നുവെന്നതിനു തെളിവാണ്. അദ്ദേഹം പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്. ''കർത്താവേ, അവർക്ക് ഈ പാപം നിർ

ത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ട് അവൻ നിദ്ര പ്രാപിച്ചു.'' [അപ്പൊ: പ്ര: 7:60].

പരീശൻമാരിൽ ഒരു വൈദികൻ ക്രിസ്തുവിനെ പരീക്ഷിക്കുന്നതിനായി ന്യായപ്രമാണത്തിൽ വലിയ കൽപന ഏത് എന്നു ചോദിച്ചു. അതിനു ക്രിസ്തു പറഞ്ഞ മറുപടി വളരെ അർത്ഥപത്തായ ഒന്നാണ്. ''നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ടു കൽപനകളിൽ സകല ന്യായപ്രമാണവും പ്രവാചകൻമാരും അടങ്ങിയിരിക്കുന്നു'' (മത്താ 22:37–40, ആവർത്തനപുസ്തകം 6:5, ലേവ്യ 19:18, മത്താ 19:19, ഗലാ 5:14).

മനുഷ്യൻ തെററുകൾ ചെയ്യുമെന്നുള്ളതു സ്വാഭാവികം മാത്രമാണ്. എന്നാൽ ആ തെററുകൾ തിരുത്തി ദൈവത്തെ പൂർണ്ണഹൃദയത്തോടു കൂടി സ്നേഹിച്ചു വീണ്ടും തെററുകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള മനഃശക്തി ദൈവത്തിൽ നിന്നും നേടി ഒരു പുതുമനുഷ്യനായി മാറേണ്ടതു ഓരോ മനുഷ്യൻെറയും കടമയാണ്. സഹോദരനോടുചെയ്യുന്ന തെററുകൾ സഹോദരൻ ആദ്യമായി ക്ഷമിക്കണം. എന്നാൽ മാത്രമേ സഹോദരൻ മററുള്ളവരോടുചെയ്യുന്ന തെററുകൾ ക്ഷമിക്കപ്പെടുകയുള്ളു. ഇവിടെ സ്നേഹം ക്ഷമയിലൂടെ പ്രവർത്തിക്കുന്നു. ക്രിസ്തു ശിഷ്യൻമാരെ പ്രാർത്ഥിപ്പിക്കുവാൻ പഠിപ്പിച്ച ഭാഗങ്ങൾ വളരെ പ്രസക്തമാണ്. ''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ'' (മത്താ 7:11). നമ്മുടെ തെററുകളാണ് നമ്മുടെ കടങ്ങളായി ഇവിടെ പറഞ്ഞിരിക്കുന്നത്. സ്നേഹമില്ലെങ്കിൽ നമുക്ക് ആരോടും ക്ഷമിക്കുവാൻ കഴിയുകയില്ല. സ്നേഹമില്ലാതെ ആരോടെങ്കിലും അവരുടെ തെററുകൾ ക്ഷമിക്കുന്നുവെങ്കിൽ അതു ക്ഷമയായിരിക്കുകയില്ല. കാരണം ക്ഷമിച്ചുകഴിഞ്ഞാൽ നാം ക്ഷമിച്ച വ്യക്തിയെ സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

തെററു ചെയ്യുന്നവരോടു നാം ക്ഷമിക്കണമെന്നു ക്രിസ്തു തൻെറ പ്രവർത്തികൊണ്ടു നമുക്കു കാണിച്ചു തന്നിരിക്കുന്നു. നിരപരാധിയായ ക്രിസ്തുവിനെ കുററം ചുമത്തി വധിക്കണമെന്നു പുരോഹിതൻമാർ ആഗ്രഹിച്ചു. അതിനുവേണ്ടി അവർ ജനങ്ങളെ പ്രേരിപ്പിച്ചു. നിയമപാലകരെ അതിനായി നിർബന്ധിച്ചു. അവസാനം നിരപരാധിയാണെന്നു മനസിലാക്കിയിട്ടുപോലും പിലാത്തോസ് ക്രിസ്തുവിനെ പീഡിപ്പിക്കുവാനും, കുരിശിൽ തറപ്പിച്ചു കൊല്ലുവാനും ശിക്ഷിച്ചു. അന്യായം വിധിച്ച പിലാത്തോസിനെയോ അതിനായി

ഉപദ്രവിച്ച പുരോഹിതൻമാരേയോ ക്രിസ്തു കുററപ്പെടുത്തിയില്ല. പകരം ഒരു കുഞ്ഞാടിനെപ്പോലെ മിണ്ടാതെ ശിക്ഷ അനുഭവിക്കുകയാണു ക്രിസ്തുചെയ്തത്. മാത്രമല്ല കുരിശിൽ തൂങ്ങികിടന്നുകൊണ്ടുഅവർക്കു വേണ്ടി ക്രിസ്തു പ്രാർത്ഥിച്ചു: ''പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത്. എന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ'' [ലൂക്കൊ 23: 34]. കുരിശിൽ കിടന്നുകൊണ്ട് വേദന അനുഭവിച്ചപ്പോഴും ക്രിസ്തു തന്നെ വധിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവരോട് ക്ഷമിക്കുകയാണ് ചെയ്തത്. ക്രിസ്തുവിന് അവരോട് സ്നേഹം ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഒരിക്കലും അവരോട് ക്ഷമിക്കുകയോ, അവർക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കുകയോ ചെയ്യുമായിരുന്നില്ല. മനുഷ്യരോടുള്ള സ്നേഹം ക്രിസ്തു എന്തുമാത്രം അവിടെ വെളിപ്പെടുത്തി എന്നാൽ മനുഷ്യരായ നാം ദൈവത്തിന്റെ പ്രതിച്ഛായയിലുള്ള മനുഷ്യരെ അപ്രകാരം സ്നേഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അപ്രകാരം സ്നേഹിക്കണമോ എന്ന് സ്വയം ചിന്തിച്ചു പ്രവർത്തിക്കുക.

* * *

# പരീക്ഷണങ്ങളിൽ ശക്തി

കെ. സി. ബാബു

നമ്മുടെ ജീവിതത്തിൽ പല പല പരീക്ഷണങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു. അതു നമ്മുടെ വിശ്വാസത്തിന്റെ കുറവുകൊണ്ട് ആയിരിക്കുമോ? ചിലപ്പോൾ അവിശ്വാസികളുമായിട്ടുള്ള നമ്മുടെ സംസർഗ്ഗത്തിൽ ആയിരിക്കും; ചിലപ്പോൾ നമ്മുടെ ജീവിതസാഹചര്യം കൊണ്ടായിരിക്കും. അതുമല്ലെങ്കിൽ പണസംബന്ധമായ ചില ഇടപാടുകൊണ്ട് ആയിരിക്കും. ഏതു വിധമായാലും പരീക്ഷണത്തിന് ഇരയായിത്തീരുന്നു.

നാം പരീക്ഷിക്കപ്പെടുമ്പോൾ പലരും പറയാറുണ്ട് ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന്. എന്നാൽ, ബൈബിളിൽ പറയുന്നത് ശ്രദ്ധിക്കുക. (യാക്കോബ് 1:12–16) പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നുവെന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാ

ഫത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു. എന്റെ പ്രിയ സഹോദരൻമാരേ, വഞ്ചിക്കപ്പെടരുത്.

പഴയനിയമത്തിൽ അബ്രഹാമിനെ ദൈവം പരീക്ഷിച്ചതായി നാം വായിക്കുന്നുണ്ട്. അബ്രഹാമിന്റെ സ്നേഹനിധിയായ ഏകജാതനെ ദൈവത്തിന് ഹോമയാഗം കഴിക്കുവാനാണ് ദൈവം ആവശ്യപ്പെട്ടത്. മരിച്ചവരെ ജീവിപ്പിപ്പാൻ ദൈവം ശക്തനെന്ന് പൂർണ്ണമായി വിശ്വസിക്കയാൽ യാഗം കഴിപ്പാനൊരുങ്ങി. അങ്ങനെ പരീക്ഷണത്തിൽ വിജയിച്ചു. അബ്രഹാമിന് തന്റെ മകനെ തിരിച്ചുകിട്ടുകയും ചെയ്തു (ഉൽപത്തി 22:1–13). ''അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചക്കും തേജസ്സിനും മാനത്തിനുമായി കാൺമാൻ അങ്ങനെ ഇടവരും (1 പത്രോസ് 1:7). നമുക്ക് നേരിടുന്ന പരീക്ഷണങ്ങൾ വിജയകരമായി തരണംചെയ്താൽ ദൈവത്തിൽ നിന്നും പ്രതിഫലം ഉറപ്പാണ്.

ഇത് നമുക്ക് ദൃഷ്ടാന്തമായി സംഭവിച്ചു. (1 കൊരിന്ത്യർ 10–ാം അദ്ധ്യായം 6 മുതൽ 13 വരെയുള്ള വാക്യങ്ങൾ വായിക്കാം). അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിനുതന്നെ ''ജനം തിന്നുവാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുന്നേററു'' എന്ന് എഴുതിയിരിക്കുന്നു. അപ്രകാരം അവരിൽ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആകരുത്. അവരിൽ ചിലർ പരീക്ഷിച്ചു സർപ്പങ്ങളാൽ നശിച്ചു പോയതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുത്. അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചു പോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുത്. ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു.

ആകയാൽ താൻ നിൽക്കുന്നുവെന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

അപ്പൊസ്തലനായ പത്രോസിന്റെ ജീവിതം നോക്കിയാൽ നമുക്കു കാണാൻ കഴിയും താൻ പരീക്ഷിക്കപ്പെടുന്നതുവരെ തന്നിലുള്ള ബലഹീനതകൾ അവൻ അറിഞ്ഞിരുന്നില്ല എന്ന്. കർത്താവ് ദൈവപുത്രനായ ക്രിസ്തുവാണെന്നു മനസിലാക്കി അവനോടുകൂടെ ജീവിച്ച് അവന്റെ ഉപദേശങ്ങൾ പഠിച്ച പത്രോസ് അവസാനം തന്റെ ഗുരുവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞു. അവനിൽ കുടികൊണ്ടിരുന്ന

അപര്യാപ്തത ഉയർത്തെഴുന്നേൽക്കുകയായിരുന്നു. അവന്റെ പരീക്ഷണത്തിൽ (മത്തായി 26: 69–75), പരിശോധന നമ്മിൽ കൂടുതൽ ക്ഷമിക്കുവാനുള്ള കഴിവും, ആത്മീയദൃഢത വളർത്തിയെടുക്കുവാനുള്ള പരിശീലനവും നൽകുന്നു. വിശ്വാസത്തിന്റെ നിലനിൽപിന് ആവശ്യമായ അടിസ്ഥാന സ്വഭാവങ്ങളാണ് ക്ഷമയും ആത്മീയ ദൃഢതയും. മറ്റൊരു ശക്തിയും അതിനെ ഇളക്കാത്ത രീതിയിൽ ഉറപ്പിക്കുകയാണ് വേണ്ടത്.

നൻമ തിൻമകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നിങ്ങൾ മരിയ്ക്കും എന്നുള്ള കൽപനയെ അവർക്ക് അനുസരിക്കുവാൻ കഴിഞ്ഞില്ല. അവർ പരീക്ഷയിൽ അകപ്പെട്ടു. അതുപോലെ അനേക കാര്യങ്ങൾ നമ്മുടെ വിശ്വാസത്തിൽ പരീക്ഷാരൂപത്തിൽ വരുന്നുണ്ട്.

ദൈവപുത്രനായിരുന്നിട്ടുപോലും യേശുക്രിസ്തുവിന് പിശാചിന്റെ പരീക്ഷണം നേരിട്ടു. പിശാചിന്റെ പരീക്ഷണവലയത്തെ ദൈവപുത്രനായ ക്രിസ്തു തന്റെ ശക്തിയുള്ള വചനമാകുന്ന വാളുപയോഗിച്ച് അവൻ പരീക്ഷണത്തെ ജയിച്ചു(ലൂക്കൊസ് 4:1-12). വരെയുള്ള വാക്യം.

(യാക്കോബ് 4:7–8) ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ: പിശാചിനോട് എതിർത്തു നിൽപിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും. നാം സമീപിക്കുന്തോറും കൂടുതൽ കൂടുതൽ ദൈവസന്നിധിയിൽ അടുത്തു ചെല്ലുക.

ക്രിസ്ത്യാനികളായ നമുക്കു വേണ്ടത് (കൊലൊസ്സ്യർ 3–ാം അദ്ധ്യായം 15–17) ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. അതിന്നല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നത്. നന്ദിയുള്ളവരായും ഇരിപ്പിൻ. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ; വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞുകൊണ്ടിരിപ്പിൻ.

ഈ കാലഘട്ടം വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ സ്ഥിരമായ ദൈവത്തോടുകൂടെയുള്ള വാസം ലഭിക്കുകയുള്ളു. അത് നേടുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

# ബൈബിൾ അവകാശപ്പെടുന്ന പ്രചോദനം

**ഷെൽബി. ജി**

മൂന്നു വൻകരകളിൽ ജീവിച്ചിരുന്ന നാൽപ്പത് ആളുകളുടെ പ്രയത്നഫലമായി ഉണ്ടായതാണ് ബൈബിൾ. അവർ വ്യത്യസ്ത ഭാഷകൾ സംസാരിച്ചിരുന്നു. വ്യത്യസ്ത രാജ്യങ്ങളിൽ താമസിച്ചിരുന്നു, വ്യത്യസ്ത സംസ്ക്കാരങ്ങൾ പുലർത്തിയിരുന്നു. എന്നിരുന്നാലും അവരുടെ രചനകൾ ഒന്നിച്ചുചേർത്ത് ഒരു ബുക്കായി രചിച്ചു. അതാണ് നാം പറയുന്ന വിശുദ്ധ ബൈബിൾ. എല്ലാ മനുഷ്യർക്കും താൽപര്യം ഉളവാക്കുന്ന മഹത്തായ ഒരു വസ്തുതയാണ് അതിൽ പ്രതിപാദിക്കുന്നത്. പ്രതിപാദിക്കുന്ന വസ്തുത അവരുടെ രചനകളിൽ പൂർണ്ണമായി ഐക്യപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുന്നു. പ്രതിപാദ്യവസ്തുത മറ്റൊന്നുമല്ല, പാപമോചനം തന്നെയാണ്. ദിവ്യപ്രചോദനത്താൽ അല്ലാതെ അവർ രചനകൾ നടത്തിയിരുന്നുവെങ്കിൽ അവരുടെ പ്രതിപാദ്യവസ്തുത വ്യത്യസ്തമാകുമായിരുന്നില്ലേ? അത് പൂർണ്ണമായി ഐക്യപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുമായിരുന്നോ?

വ്യത്യസ്ത രാജ്യങ്ങളിൽ താമസിക്കുന്ന, വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, 1600 വർഷങ്ങളിൽ ജീവിച്ച നാൽപ്പത് ആളുകൾക്ക് ഒരേ പ്രതിപാദ്യവസ്തുത ഉൾക്കൊള്ളുന്ന മഹത്തായ ഒരു പദ്ധതിക്കുവേണ്ടി ഓരോ ഭാഗങ്ങൾ ഉണ്ടാക്കുവാൻ കഴിയുമോ? ആ ഭാഗങ്ങളെല്ലാം ഒരുമിച്ചു കൊണ്ടുവരുമ്പോൾ ഉപയോഗമുള്ള ഒരേ ഫലം സൃഷ്ടിക്കുന്നതിന് പൊരുത്തപ്പെടാവുന്ന പൂർണ്ണത അതിൽനിന്നു സാധാരണയായി ലഭിക്കുമോ? മനുഷ്യരെ അത്ഭുതകരമായി ആ പദ്ധതിക്കുവേണ്ടി നയിക്കപ്പെടുന്നില്ലായെങ്കിൽ അപ്രകാരമുള്ള ഒരേ പ്രതിപാദ്യവസ്തുത നാനാ രചനകളിൽനിന്നും ഒരിക്കലും ഉണ്ടാവുകയില്ലായെന്നത് വ്യക്തമാണ്.

നാൽപ്പത് വ്യത്യസ്ത ആളുകൾ, വ്യത്യസ്ത രാജ്യങ്ങളിൽ താമസിച്ചിരുന്നവർ, വ്യത്യസ്ത ഭാഷകൾ സംസാരിച്ചിരുന്നവർ, 1600 വർഷങ്ങൾ കൊണ്ട് ഓരോരുത്തരും സംഗീതാത്മകമായ രചനകൾ നടത്തി, ആ എല്ലാ രചനകളും പിന്നീട് ഒരുമിച്ചു കൂട്ടിയപ്പോൾ മഹത്തായ സ്വരൈക്യത്തിലേക്ക് ഒന്നായി യോജിച്ചു. ഇപ്രകാരം ഒന്നായി യോജിക്കുവാൻ അവയ്ക്കെല്ലാം സാധാരണഗതിയിൽ കഴി

യുമോ? വ്യക്തമായി പറഞ്ഞാൽ അപ്രകാരമുള്ള യാതൊന്നിനും അതിനു കഴിയുകയില്ല. എന്നാൽ ദിവ്യപ്രചോദനത്താൽ നാൽപതുപേരും എഴുതിയപ്പോാം അവരുടെ പ്രതിപാദ്യവസ്തുത ഒന്നായിത്തന്നെ മാറി. വിവിധമായിപോയില്ല. ഇതുതന്നെയാണ് പഴയ നിയമത്തിന്റെയും, പുതിയ നിയമത്തിന്റെയും എഴുത്തുകാർ, അതായത് മേൽപ്പറഞ്ഞ നാൽപതു പേരും അവകാശപ്പെടുന്നതും.

## പഴയനിയമ എഴുത്തുകാർ ദിവ്യപ്രചോദനം അവകാശപ്പെട്ടു.

കുറെ ഉദാഹരണങ്ങൾ നമുക്ക് ശ്രദ്ധിക്കാം. വിദ്യാഭ്യാസത്താലും പരിശീലനത്താലും മോശെ പൂർണ്ണയോഗ്യനായി. അതു കഴിഞ്ഞപ്പോൾ മിസ്രയീമ്യരുടെ അടിമത്വത്തിൽനിന്നും തന്റെ ജനങ്ങളെ മോചിപ്പിക്കുന്നതിന് ദൈവം അവനെ വിളിച്ചു. എന്നാൽ ദൈവം ചിലതു ചെയ്യുവാൻ മനുഷ്യരോട് ആവശ്യപ്പെടുമ്പോൾ ഇന്നും ധാരാളം ആളുകൾ ചെയ്യുന്നതുപോലെ മോശെയും ഒഴിഞ്ഞുമാറി. വാക്വൈഭവമുള്ള മനുഷ്യനല്ലായെന്നു പറഞ്ഞാണ് അവൻ ഒഴിഞ്ഞുമാറിയത്. അവന്റെ ഒഴിവുകഴിവുകൾക്കു കർത്താവു പറഞ്ഞ മറുപടി പ്രസ്താവ്യമാണ്. ''മനുഷ്യന് വായ് കൊടുത്തത് ആർ? അല്ല, ഊമനേയും ചെകിടനേയും, കാഴ്ച്ചയുള്ളവനേയും, കുരുടനേയും ഉണ്ടാക്കിയത് ആർ? യഹോവയായ ഞാൻ അല്ലയോ? ആകയാൽ നീ ചെല്ലുക; ഞാൻ നിന്റെ വായോടുകൂടി ഇരുന്ന് നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചു തരും'' (പുറ 4: 11,12). ദൈവം മോശെയുടെ വായോടുകൂടി ഇരുന്ന് അവൻ സംസാരിക്കേണ്ടത് എന്താണെന്ന് ഉപദേശിച്ചുതരുമെന്ന വാഗ്ദാനം മോശെ ദിവ്യപ്രചോദനവും വാക്കാൽ പ്രചോദനവും സ്വീകരിച്ചുവെന്നല്ലേ വ്യക്തമായി സൂചിപ്പിക്കുന്നത്. അല്ലാതെ മറ്റൊന്നും ഇത് അർത്ഥമാക്കുന്നില്ല.

സത്യമായി ദൈവത്തിന്റെ സ്വന്ത ഹൃദയത്തിനുശേഷമുള്ള മനുഷ്യനായ ദാവീദിനെ ഇസ്രായേലിലെ രാജകീയ ഗായകൻ എന്നു വിളിക്കപ്പെട്ടു. ഇസ്രായേൽ രാജാവായ ദാവീദ് സംസാരിച്ച അവന്റെ അവസാന വാക്കുകൾ അവന്റെ രചനകൾക്കുവേണ്ടിയുള്ള ദിവ്യപ്രചോദനം അവകാശപ്പെടുന്നവയാണ്. ''ദാവീദിന്റെ അന്ത്യവാക്യങ്ങളാവിതു; യിശ്ശായി പുത്രൻ ദാവീദു ചൊല്ലുന്നു; ഔന്നത്യം പ്രാപിച്ച പുരുഷൻ ചൊല്ലുന്നു; യാക്കോബിൻ ദൈവത്താൽ അഭിഷിക്തൻ; യിസ്രായേലിൻ മധുര ഗായകൻ തന്നെ; യഹോവയുടെ ആത്മാവ് എന്നിൽ സംസാരിക്കുന്നു; അവന്റെവചനം എന്റെ നാവിൻമേൽ ഇരിക്കുന്നു'' (2 ശമു: 23: 1,2) വീണ്ടും ഈ വാക്കുകൾ വ്യക്തമായി അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവിനാൽ ദാവീദ് നയിക്കപ്പെട്ടുവെന്നും അവന്റെ വാക്കുകൾ ദൈവത്തിന്റെ വാക്കുകൾ ആയിരുന്നുവെന്നുമാണ്.

കരയുന്ന പ്രവാചകനായ യിരമ്യാവ് ദൈവജനത്തിന്റെ അടുക്കൽപോയി സംസാരിക്കുന്നതിനും, അവരുടെ തെററായ വഴികളെക്കുറിച്ച് താക്കീതു ചെയ്യുന്നതിനും ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടു. എന്നാൽ യിരമ്യാവു ഒരു കുഞ്ഞായി കരുതുകയും, അതിനാൽ ദൈവത്തിന്റെ ആജ്ഞ അനുസരിക്കുന്നതിന് അവൻ യോഗ്യനല്ലായെന്ന് സ്വയം തീരുമാനിക്കുകയും ചെയ്തു. അതിന് യഹോവ അവനോട് അരുളിച്ചെയ്തു: ഞാൻ ബാലൻ എന്നു നീ പറയരുത്; ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കൽപിക്കുന്നതൊക്കെയും സംസാരിക്കുകയും വേണം. നീ അവരെ ഭയപ്പെടരുത്; നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടുകൂടെയുണ്ടെന്ന് യഹോവ അരുളിച്ചെയ്തു. പിന്നെ യഹോവ കൈനീട്ടി എന്റെ വായെ തൊട്ടു: ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു:(യിരമ്യാവ് 1:7–9). അവന്റെ വചനങ്ങളെ യിരമ്യാവിന്റെ വായിൽ നൽകിയിരിക്കുന്നു വെന്ന ദൈവത്തിന്റെ വാഗ്ദാനം വ്യക്തമാക്കുന്നത് യിരമ്യാവിനു നൽകിയ വചനങ്ങൾ ദൈവത്തിന്റെ വചനങ്ങളാകുന്നു, അല്ലാതെ യിരമ്യാവിന്റെ സാധാരണ വാക്കുകളല്ല എന്നതാണ്. ഇസ്രായേൽ ജനങ്ങളോട് അവൻ നടത്തിയ പ്രഖ്യാപനങ്ങളാൽ യിരമ്യാവ് വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടിരുന്നു.

നെഹമ്യാവിന്റെ ബുക്കിൽ പഴയ നിയമത്തിലെ എഴുത്തുകാർക്കു നൽകിയ വാക്കാൽ പ്രചോദനത്തെ ഉറപ്പിക്കുന്ന രണ്ടു വരികളുണ്ട്. അവന്റെ ജനത്തെ ഉപദേശിക്കുന്നതിന് ദൈവം അവന്റെ നല്ല ആത്മാവിനെ നൽകിയെന്ന് യിരമ്യാവ് അവകാശപ്പെട്ടു (നെഹ: 9: 20). പിന്നീട് അതേ അദ്ധ്യായത്തിൽ നെഹമ്യാവ് പറയുന്നു. ''നീ ഏറിയ സംവൽസരം അവരോടു ക്ഷമിച്ചു. നിന്റെ ആത്മാവിനാൽ നിന്റെ പ്രവാചകൻമാർ മുഖാന്തിരം അവരോട് സാക്ഷീകരിച്ചു; എന്നാൽ അവർ ശ്രദ്ധിച്ചില്ല: അതുകൊണ്ട് നീ അവരെ ദേശത്തെ ജാതികളുടെ കയ്യിൽ ഏൽപ്പിച്ചുകൊടുത്തു'' (നെഹ: 9:30).

പ്രവാചകൻ എന്ന വാക്ക് അർത്ഥമാക്കുന്നത് മുൻകൂട്ടി പറയുന്നവൻ എന്നു മാത്രമല്ല, ദൈവത്തിനുവേണ്ടി മുൻകൂട്ടി സംസാരിക്കുന്നവൻ എന്നുംകൂടി അർത്ഥമുണ്ട്. പ്രവാചകന്റെ വാക്കുകൾ ദൈവത്തിന്റെ വാക്കുകളാകുന്നു. എന്തുകൊണ്ടെന്നാൽ പ്രവാചകൻമാരിലുള്ള അവന്റെ ആത്മാവിനാൽ തെററു പ്രവർത്തിക്കുന്ന ജനങ്ങൾക്കെതിരേ ദൈവം അവരെക്കൊണ്ട് സംസാരിപ്പിക്കുന്നു. അതിനാൽ പ്രവാചകൻമാരുടെ വാക്കുകൾ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവയും അർത്ഥമാക്കപ്പെട്ടവയുമാകുന്നു. അവരുടെ പ്രസംഗങ്ങളും രചനകളും അപ്രകാരമുള്ളവ തന്നെയാണ്. പഴയനിയമ എഴുത്തുകാർ ദിവ്യപ്രചോദനം വ്യക്തമായി ഇതിലൂടെ അവകാശപ്പെടുന്നു.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth, Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.

Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P. M.

Sundays— 12 : 45 to 1 : 00 P. M.

**TELUGU** —*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth, Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Tuesdays—2 : 30 to 2 : 45 P.M.

Thursdays—2: 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P M.

Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese,

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd : No. K. Dis. 90095 / 86/ A8 Regd. No. KL/TV (N)22

## ☼ You are Cordially Invited ☼
## To Attend

Services and Bible Studies

Sunday 10 a. pm.
Tuesday 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be send to the Editor, Bible Truth, Church of Christ. Trivandrum-34, Kerala, South India.

From

THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum-34

To